പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി

ജനുവരി 2023




Chavara
Matrimony.com
Connecting Hearts
since 1996
അനുഗ്രഹീത ദാമ്പത്യങ്ങളുടെ
ഇരുപത്തിയഞ്ച് വർഷങ്ങൾ
ചങ്ങനാശ്ശേരി 99957 77568
Chavara Family Welfare Centre, H.O Chavara Cultural Centre, Kochi
99617 44444 | 0484 4080333 | 1800 103 4080
26 Branches in Kerala, Bangalore, Coimbatore, Mumbai & Delhi

പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

## താളുകൾ മറിക്കുമ്പോൾ


ജനുവരി 2023
ലക്കം 4
വാല്യം 8

*മാനേജിംഗ് എഡിറ്റർ:*
**വെരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ**
9447359521

*ചീഫ് എഡിറ്റർ:*
**റവ. ഫാ. വർഗീസ് പുളിക്കപ്പടവിൽ**
90747 28504

*എക്സി. എഡിറ്റേഴ്സ്:*
**റവ. ഫാ. ദേവസ്യാ പുളിക്കാശേരി**
9446700163
**റവ. ഫാ. വർഗ്ഗീസ് വെട്ടുകുഴിയിൽ**
7012116384

*കൈക്കാരന്മാർ:*
**ഷിബിൻ ആന്റണി കറുകയിൽ**
**തോമസ് കെ. ആന്റണി കാട്ടടി**
**ആന്റണി ആന്റണി പുന്നശ്ശേരി**

*കമ്മറ്റിയംഗങ്ങൾ:*
**ഡോ. ജെ.ജി. റേ**
**ഡോ. സോണി കണ്ടങ്കരി**
**ജോസ് കാട്ടടി**
**വിന്നിച്ചൻ കല്ലൂക്കളം**
**സി. മരിയ SABS**

*പാരിഷ് കൗൺസിൽ സെക്രട്ടറി:*
**കൊച്ചുറാണി പനച്ചിക്കൽ**

Layout & Printing:-
St. Joseph Orphanage Press
Changanacherry
Ph: 0481 2410101
E-mail: sjopresschry@gmail.com



മുഖമൊഴി 05


06 വികാരിയച്ചന്റെ സന്ദേശം
അങ്ങയുടെ ഹിതം നിറവേറ്റാൻ... 08


11 വലിയപള്ളിയിലെ വലിയച്ചൻ വിടവാങ്ങി
കുടുംബങ്ങളും സഭയുടെ അനുയാത്രയും 16


18 ലഹരിമരുന്നിൽ താളംതെറ്റിയ കേരളീയ യുവജനങ്ങൾ
മൂല്യബോധമുള്ളതാകണം വിദ്യാഭ്യാസം 30


# പ്രാർത്ഥനാഞ്ജലികൾ...

**ബെനഡിക്ട്
പതിനാറാമൻ
മാർപാപ്പയ്ക്ക്
മെത്രാപ്പോലീത്തൻ
ഇടവക
കുടുംബത്തിന്റെ
പ്രണാമം**



# മുഖമൊഴി




ഈശോയിൽ ഏറെ സ്നേഹം നിറഞ്ഞവരേ,

ആഘോഷങ്ങളുടെ രാവുകളിലൂടെയാണ് നാം കടന്നുപോകുന്നത്. പാതിരാവിലെ പൂനിലാവിൽ ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ വചനം മാംസം ധരിച്ചതും ഓർമ്മകളും അനുഭവങ്ങളും സമ്മാനിച്ച 2022 യാത്രപറഞ്ഞതും പുത്തൻ പ്രതീക്ഷകളുടെ ഒരു പുതുവർഷം പിറന്നതും ദനഹാത്തിരുനാളിൽ ദൈവാലയം ദീപാലംകൃതമായി പണ്ടികുത്തിത്തി രുനാൾ ആചരിച്ചതുമെല്ലാം കൊടികയറാൻ പോകുന്ന മകരം തിരുനാ ളിന്റെ ആഘോഷങ്ങളുടെ ആരംഭങ്ങളായിരുന്നു.

ഇടവകദൈവാലയത്തിൽ വിശുദ്ധ സെബസ്ത്യാനോസ് സഹദായുടെ തിരുനാൾ ഭക്ത്യാദരപൂർവ്വം നമുക്ക് കൊണ്ടാടാം. മിശിഹായിലുള്ള വിശ്വാസത്തിനുവേണ്ടി സന്തോഷങ്ങൾ നിസ്സാരമായി കരുതി രക്തസാ ക്ഷിത്വം വരിച്ച വി. സെബസ്ത്യാനോസിന്റെ വിശ്വാസതീക്ഷ്ണതയും നിശ്ചയദാർഢ്യവും നമുക്കും മാതൃകയാക്കാം.

ഉണ്ണീശോയെ പന്ത്രണ്ടാം വയസ്സിൽ ദൈവാലയത്തിൽ കാണാതെ പോയത് വിശുദ്ധ ഗ്രന്ഥത്തിൽ നാം വായിക്കുന്നുണ്ട്. ആഹ്ലാദങ്ങളു ടെയും ആഘോഷങ്ങളുടെയും ആരവത്തിൽ ഈശോ കൂടെയുണ്ടോ എന്ന് നോക്കുന്നത് നല്ലതായിരിക്കും. എവിടെയോ അവനെ നഷ്ടപ്പെട്ടു എന്നു മനസ്സിലായാൽ മാതാവും യൗസേപ്പിതാവും നടത്തിയപോലൊരു തിരിഞ്ഞുനടത്തം ആരംഭിക്കാം... ദൈവാലയത്തിലേക്ക്.

ഇന്നും കൊറോണ ഭീതിയിൽ പള്ളിയിൽ വരാതിരിക്കുന്നവർക്കും തിരുനാൾ ഒരു ക്ഷണമാകട്ടെ, ഒന്നു തിരിഞ്ഞുനടക്കാനും ദൈവാലയ ത്തിൽ അവനെ കണ്ടുമുട്ടാനും... സ്വന്തമാക്കാനും.

സ്നേഹപൂർവ്വം,

**ഫാ. വർഗീസ് പുളിക്കപ്പടവിൽ**
ചീഫ് എഡിറ്റർ



## വികാരിയച്ചന്റെ സന്ദേശം

# ഇടവക തിരുനാൾ വിശ്വാസത്തിന്റെ സാക്ഷ്യം

ഈശോയിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

കഴിഞ്ഞ രണ്ടു വർഷങ്ങളായി കോവിഡ് നിയന്ത്രണങ്ങൾമൂലം വളരെ പരിമിതമായ തോതിൽ ആചരിച്ചിരുന്ന നമ്മുടെ ഇടവകപ്പെരുന്നാൾ ഈ വർഷം വിപുലമായ പരിപാടികളോടുകൂടി നാം ആഘോഷിക്കുക യാണല്ലോ. നമ്മുടെ ഇടവകയുടെ സംരക്ഷകനായ വിശുദ്ധ സെബസ് ത്യാനോസ് സഹദായുടെ മാതൃകയും മാദ്ധ്യസ്ഥ്യവുമാണ് നാം ഇവിടെ പ്രഘോഷിക്കുന്നത്. വിശ്വാസത്തിന്റെ ജ്വലിക്കുന്ന മാതൃകയായിരുന്നു വിശുദ്ധ സെബസ്ത്യാനോസ്. റോമിൽ ഡയക്ലീഷൻ ചക്രവർത്തിയുടെ കാലത്ത് ഒരു പടയാളിയായി സേവനംചെയ്ത അദ്ദേഹം തന്റെ ക്രിസ്തീയ വിശ്വാസം മറച്ചുവച്ചില്ല, യഥാർത്ഥ ലോകരക്ഷകനും നാഥനുമായ ഈ ശോയെ കണ്ടുമുട്ടി രൂപാന്തരപ്പെട്ട ഒരു പുതിയ മനുഷ്യനായിരുന്നു അദ്ദേ ഹം. അതിനാൽത്തന്നെ ചക്രവർത്തിയെ ആരാധിക്കുന്നതിലും വലുത് രാജാക്കന്മാരുടെ രാജാവായ ഈശോയെ ആരാധിക്കുന്നതാണ് എന്ന് അദ്ദേഹം പ്രഖ്യാപിച്ചു. അതിന്റെ പേരിൽ അമ്പുകളേറ്റ് മരണാസന്നനാ യെങ്കിലും അദ്ദേഹം ജീവിതത്തിലേക്ക് തിരിച്ചുവന്നു, തന്റെ വിശ്വാസം ഉച്ചൈസ്തരം ഘോഷിക്കുകയും ഗദാധാരികളാൽ വീരസാക്ഷിത്വമകുടം ചൂടുകയും ചെയ്തു. സഭയിൽ പ്രത്യേക സ്ഥാനങ്ങളും പദവികളും ഒന്നും വഹിക്കാത്ത ഒരു സാധാരണ വിശ്വാസിക്ക് എങ്ങനെ വിശ്വാസത്തിന്റെ മാതൃകയായി പ്രശോഭിക്കാൻ കഴിയും എന്ന് അദ്ദേഹം ലോകത്തോട് വിളിച്ചുപറഞ്ഞു. മൂന്നാം നൂറ്റാണ്ടിൽ (എ.ഡി. 288) രക്തസാക്ഷിയായ

അദ്ദേഹത്തിന്റെ ജീവിതമാതൃക ഇന്ന് ലോകമെങ്ങും ഇത്തരത്തിലുള്ള തിരുനാളാഘോഷങ്ങളിലൂടെ പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്നു.

ലോകത്തിന് ഈശോയിലുള്ള വിശ്വാസത്തിന്റെ വെളിച്ചം പകർന്നവരാണ് സഭയുടെ ധീരരക്തസാക്ഷികൾ. മലയിലെ പ്രസംഗത്തിൽ ഈശോ അരുളിചെയ്തു: ''നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്. മലമുകളിൽ പണിതുയർത്തിയ പട്ടണത്തെ മറച്ചുവയ്ക്കുക സാധ്യമല്ല. വിളക്ക് കൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല, പീഠത്തിന്മേലാണ് വയ്ക്കുക. അപ്പോൾ അത് ഭവനത്തിലുള്ള എല്ലാവർക്കും പ്രകാശം നൽകുന്നു. അപ്രകാരം മനുഷ്യർ നിങ്ങളുടെ സൽപ്രവർത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ'' (മത്താ 5:14-16). ഈശോയുടെ ഈ സത്യവെളിച്ചം സഭയിലൂടെ, പ്രത്യേകിച്ച് അവളുടെ ധീരരക്തസാക്ഷികളിലൂടെ ഇന്നും പ്രകാശിച്ചുകൊണ്ടിരിക്കുകയാണ്. ഈശോയെ 'ലൂമെൻ ജെൻസിയും' - ജനതകളുടെ പ്രകാശം - എന്നാണ് വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിക്കുന്നത് (തിരുസഭ, 1). വിശുദ്ധരിൽ വിളങ്ങുന്ന ഈശോയുടെ പ്രകാശം നവമായി സ്വീകരിച്ച് അത് ലോകത്തിന് പങ്കുവെച്ചുകൊടുക്കുന്ന ഒരു അവസരംകൂടിയാണ് തിരുസഭയുടെ ഇത്തരം തിരുനാളുകൾ. വിശുദ്ധരുടെ സന്മാതൃകകളും മധ്യസ്ഥ്യവും നമുക്ക് എന്നും പ്രചോദനമേകുന്നു. തണുത്തുറഞ്ഞ വിശ്വാസജീവിതങ്ങളെ ഉദ്ദീപിപ്പിക്കുവാനും, സത്യവിശ്വാസത്തോടും പൂർണ്ണസ്നേഹത്തോടുംകൂടി അത് മറ്റുള്ളവർക്ക് പങ്കുവെച്ചുകൊടുക്കുവാനുമുള്ള അവസരമാണ് തിരുനാളുകൾ. വിശ്വാസത്തിന്റെ തിളക്കമാർന്ന സാക്ഷ്യം ഇന്നത്തെ ലോകത്തിന് ആവശ്യമാണ്. വിശുദ്ധ പൗലോസ് ശ്ലീഹാ തിമാത്തേയോസിന് എഴുതുന്ന വാക്കുകൾ നമുക്ക് മാർഗ്ഗദീപങ്ങളാണ്: ''ഞാൻ പഠിപ്പിച്ച സത്യങ്ങളും എന്റെ ജീവിതരീതിയും ലക്ഷ്യവും വിശ്വാസവും ക്ഷമയും സ്നേഹവും സ്ഥൈര്യവും നീ അടുത്തറിഞ്ഞിട്ടുണ്ടല്ലോ... എന്നാൽ നീ പഠിച്ചിട്ടുള്ളതും ഉറപ്പായി വിശ്വസിച്ചിട്ടുള്ളതുമായ കാര്യങ്ങൾ ആരിൽനിന്നാണ് പഠിച്ചതെന്നോർത്ത് അവയിൽ സ്ഥിരമായി നിൽക്കുക. ഈശോമിശിഹായിലുള്ള വിശ്വാസത്തിലൂടെ രക്ഷപ്രാപിക്കുന്നതിന് നിന്നെ ജ്ഞാനിയാക്കുന്ന വിശുദ്ധ ലിഖിതങ്ങൾ നീ ബാല്യംമുതൽ പഠിച്ചറിഞ്ഞിട്ടുള്ളതാണല്ലോ. വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റുതിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ഇതുവഴി ദൈവഭക്തനായ മനുഷ്യൻ പൂർണ്ണത കൈവരിക്കുകയും എല്ലാ നല്ല പ്രവൃത്തികളും ചെയ്യുന്നതിന് പര്യാപ്തനാവുകയും ചെയ്യുന്നു'' (2 തിമോ 3:10-12, 14-17). വചനത്തിലും വിശുദ്ധ കൂദാശകളിലും ദൈവിക ജീവനിൽ ഉൾച്ചേരാനും തിരുനാളിന്റെ വിവിധ ആചരണങ്ങളിലൂടെ സഹകരണവും സഹവർത്തിത്വവും കൂട്ടായ്മയും ഊട്ടിയുറപ്പിക്കാനും വിശുദ്ധൻ നമുക്ക് അനുഗ്രഹമേകട്ടെ. എല്ലാവർക്കും മകരം തിരുനാളിന്റെ മംഗളങ്ങൾ!

**ഫാ. ജോസ് കൊച്ചുപറമ്പിൽ** (വികാരി)



# അങ്ങയുടെ ഹിതം നിറവേറ്റാൻ... ഇതാ ഞാൻ [ഹെബ്രാ 10:9]



ഫാ. വർഗീസ് പുളിക്കപ്പടവിൽ

**ഉപ്പുകൊണ്ടു** നിർമ്മിക്കപ്പെട്ട പാവയുടെ കഥയിങ്ങനെയാണ്. കാഴ്ചകൾ കണ്ടലഞ്ഞ് കടൽക്കരയിലെത്തിയ വൈകുന്നേരം, അന്തമില്ലാതെ ചലിക്കുന്ന ജലസഞ്ചയത്തിന്റെ കാഴ്ചയിൽ അത്ഭുതംകൂറി, അസ്തമനശോഭയിൽ വിളങ്ങുന്ന കടലിനോട് കൗതുകപൂർവ്വം പാവ ചോദിക്കുന്നു: ''നീ ആരാണ്?'' പുഞ്ചിരിയിൽ കലർത്തിയ മറുപടിയായി കടൽ പറയുന്നു: ''ഇറങ്ങിവന്നു കാണുക.'' പാവ കടലിലേക്ക് ചുവടുകൾ വച്ചു. ഓരോ ചുവടിലും അലിഞ്ഞലിഞ്ഞ് ഇല്ലാതാകുമ്പോൾ പാവ പറയുകയാണ് ''ഞാൻ ആരാണെന്ന് ഇപ്പോൾ മനസ്സിലാകുന്നു.''

ദൈവാന്വേഷണങ്ങൾ ആത്മബോധമുണർത്തുന്നതിന്റെ സൂചകമായും ഈ കഥയെ തിരിച്ചറിയാം. തന്നെത്തന്നെ അറിയലിൽ ഉണരുകയും ഉയരുകയും ചെയ്യുന്നതത്രെ ആത്മീയത. ദൈവപുത്രത്വത്തെക്കുറിച്ചുള്ള തിരിച്ചറിവാണു ക്രിസ്തീയാത്മീയതയുടെ അടിത്തറയാവേണ്ടത്.

പ്രത്യക്ഷീകരണവും വെളിപ്പെടുത്തലുമാണ് ദനഹാ. മിശിഹാ സമൂഹത്തിൽ സ്വയം പ്രത്യക്ഷനാവുകയും പിതാവ് അവനെ തന്റെ

പ്രിയപുത്രനായി വെളിപ്പെടുത്തുകയും ചെയ്ത വേളയാണത്. മിശിഹായുടെ മാമ്മോദീസായുടെ അനുസ്മരണം നമ്മുടെ ദൈവപുത്രത്വത്തെക്കുറിച്ചും ദൈവത്തിന്റെ പ്രിയപുത്രരായി മാറാനുള്ള നമ്മുടെ നിയോഗത്തെക്കുറിച്ചുമുള്ള ഓർമ്മപ്പെടുത്തലായി ഭവിക്കണം. ''നീ എന്റെ  പ്രിയപുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'' (മർക്കോ 1:11) എന്ന സ്വർഗത്തിൽ നിന്നുണ്ടായ സ്വരം ഈശോയുടെ പരസ്യജീവിതത്തിനുള്ള പ്രചോദനവും മാർഗ്ഗരേഖയുമായി മാറുന്നു. ഓരോ പ്രവൃത്തിയിലും പിതാവിന്റെ ഹിതമാരാഞ്ഞും അനുവർത്തിച്ചും അവൻ അവിടുത്തെ പ്രിയപുത്രനാണെന്നു സ്വയം സാക്ഷ്യമേകി.

കർത്താവിന്റെ ഹിതം ആരായലും നിറവേറ്റലുമാണ് അവിടുത്തെ പ്രിയപുത്രരാകുവാനുള്ള മാർഗ്ഗം. കർത്താവിന്റെ ദാസനെ ഏശയ്യാ അടയാളപ്പെടുത്തുന്നത് ''കർത്താവിന്റെ ഹിതം അവനിലൂടെ നിറവേറുകയും ചെയ്യും'' (ഏശയ്യാ 53:10) എന്ന വാക്കുകളിലൂടെയാണ്. ''ദൈവത്തിന്റെ ഹിതം നിർവഹിക്കുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും'' (മർക്കോ 3:35) എന്നാണല്ലോ മിശിഹാ പകരുന്ന പാഠവും.

ജലത്താലും ആത്മാവിനാലുമുള്ള ജനനത്തെ പ്രഘോഷിച്ചവൻ ''എനിക്ക് ഒരു സ്നാനം സ്വീകരിക്കാനുണ്ട്; അതു നിവൃത്തിയാകുവോളം ഞാൻ എത്ര ഞെരുങ്ങുന്നു'' (ലൂക്കാ 12:50) എന്നരുൾച്ചെയ്തുകൊണ്ടു സൂചിപ്പിക്കുന്നത് പിതാവിന്റെ ഹിതം നിറവേറ്റലെന്ന സ്നാനത്തെയാണ്. ഈ ഹിതം നിറവേറ്റലുകളിലാണ് ഇവൻ എന്റെ പ്രിയപുത്രനെന്നു സ്വർഗ്ഗം ആവർത്തിച്ചുച്ചരിക്കുക. ക്രിസ്തുശിഷ്യ

പിതാവിന്റെ ഹിതമറിയാൻ
മലമുകളിലും മരുഭൂമിയിലും
വിജനപ്രദേശങ്ങളിലും അനുദിനം
പ്രാർത്ഥനയിൽ മുഴുകിയിരുന്നവൻ
ചൊല്ലിപ്പഠിപ്പിക്കുന്ന പ്രാർത്ഥന
'അങ്ങയുടെ ഹിതം സ്വർഗത്തിലെപ്പോലെ
ഭൂമിയിലുമാകണമേ' (മത്താ 6:10)
എന്നതാകുന്നതിൽ ആശ്ചര്യമില്ല.





മാമ്മോദീസായിലൂടെയും പരി. കുർബാനയിലൂടെയും മറ്റു കൂദാശകളിലൂടെയും നമ്മിലേയ്ക്കണയുന്ന ത്രിത്വൈകദൈവത്തെ തിരിച്ചറിയാൻ, ആദരവോടെ ഉള്ളിലേക്കാനയിക്കാൻ നമുക്കു കഴിയുന്നുണ്ടോ എന്ന ആത്മശോധനയും അനിവാര്യമാണ്.

രുടെ വിളിയും നിയോഗവും മറ്റൊന്നല്ല. ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെന്ന ശിഷ്യരുടെ ആവശ്യത്തിൽ ഗുരു പകരുന്ന പാഠം ഇതുറപ്പിക്കുന്നു. പിതാവിന്റെ ഹിതമറിയാൻ മലമുകളിലും മരുഭൂമിയിലും വിജനപ്രദേശങ്ങളിലും അനുദിനം പ്രാർത്ഥനയിൽ മുഴുകിയിരുന്നവൻ ചൊല്ലിപ്പഠിപ്പിക്കുന്ന പ്രാർത്ഥന ‘‘അങ്ങയുടെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ’’ (മത്താ 6:10) എന്നതാകുന്നതിൽ ആശ്ചര്യമില്ല. ജീവിതവേദനകൾ കൺമുമ്പിൽ നിറയുമ്പോൾ ‘‘പിതാവേ, അങ്ങേക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്ന് അകറ്റണമേ’’ എന്നാകുലപ്പെടുന്ന പുത്രൻ, ‘‘എങ്കിലും, എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ’’ (ലൂക്കാ 22:42) എന്നു കൂട്ടിച്ചേർക്കാൻ മറക്കുന്നില്ല. ദൈവത്തിന്റെ പ്രിയപുത്രരാകാൻ നാമും അനുവർത്തിക്കേണ്ട മാർഗ്ഗവും ശൈലിയും ഇതുതന്നെയാണ്. വിളിക്കപ്പെട്ടിരിക്കുന്നത് പ്രിയപുത്രരാകാനാണെന്ന് ദനഹാ ഓർമപ്പെടുത്തുന്നു.

തലയുയർത്തി നോക്കിയപ്പോൾ മൂന്നാളുകൾ തനിക്കെതിരേ നിൽക്കുന്നതുകണ്ട അബ്രാഹത്തെ ഉത്പത്തി പുസ്തകമവതരിപ്പിക്കുന്നുണ്ട്. ‘‘അവൻ കൂടാരവാതിൽക്കൽ നിന്നെഴുന്നേറ്റ് അവരെ എതിരേൽക്കാൻ ഓടിച്ചെന്ന്, നിലംപറ്റെ താണ്, അവരെ വണങ്ങി’’ (ഉൽപത്തി 18:2) എന്നാണു ഗ്രന്ഥകാരൻ കൂട്ടിച്ചേർക്കുന്നത്. മാമ്മോദീസായിലൂടെയും പരി. കുർബാനയിലൂടെയും മറ്റു കൂദാശകളിലൂടെയും നമ്മിലേയ്ക്കണയുന്ന ത്രിത്വൈകദൈവത്തെ തിരിച്ചറിയാൻ, ആദരവോടെ ഉള്ളിലേക്കാനയിക്കാൻ നമുക്കു കഴിയുന്നുണ്ടോ എന്ന ആത്മശോധനയും അനിവാര്യമാണ്. ലോകത്തിന്റെ കലമ്പലുകൾക്കിടയിൽ ദൈവസാന്നിധ്യം തിരിച്ചറിയാൻ സഹായിക്കുന്ന ചില തലയുയർത്തലും നോട്ടവും നമ്മുടെ ജീവിതങ്ങളിലുമുണ്ടാകട്ടെ. സ്വർഗ്ഗം തുറക്കുന്നതു കാണാനും ‘‘നീ എന്റെ പ്രിയപുത്രൻ’’ എന്ന തിരുമൊഴികൾ കേൾക്കാനും ദൈവം നമ്മെയും അനുഗ്രഹിക്കട്ടെ.



# വലിയപള്ളിയിലെ വല്ല്യച്ചൻ വിടവാങ്ങി

**റവ. ഫാ. ജോൺ പ്ലാത്താനം**
വൈസ് പോസ്റ്റുലേറ്റർ



**ചങ്ങനാശ്ശേരി** വലിയപള്ളിയിലെ വല്ല്യച്ചൻ സാന്നിധ്യമായിരുന്ന ബഹു. മാത്യു മറ്റം അച്ചൻ വിടവാങ്ങി. 1932 ഒക്ടോബർ 16 നു കൂത്രപ്പള്ളിയിൽ ആരംഭിച്ച ആ ജീവിതയാത്ര 2023 ജനുവരി 3 നു അവസാനിക്കുമ്പോൾ തൊണ്ണൂറാണ്ടുകളുടെ പുണ്യം സ്മരണകളാകുന്നു. 1961 ൽ ആരംഭിച്ച അജപാലനജീവിതം 2023 ലും അച്ചൻ അവിരാമം തുടരുകയായിരുന്നു. അച്ചന്റെ ജീവിതത്തിലെ അവസാനത്തേതും ഏറ്റവും സുദീർഘവുമായ സേവനമേഖലയായിരുന്നു നമ്മുടെ വലിയപള്ളി. ദൈവദാസൻ കാവുകാട്ടുപിതാവിന്റെ നാമകരണനടപടികളുടെ ചുമതലക്കാരനായിരുന്നുകൊണ്ടു നമ്മുടെ ഇടവകയുടെ സജീവഭാഗംതന്നെ ആകുകയായിരുന്നു മറ്റത്തിലച്ചൻ. 2011-ൽ നമ്മുടെ പഴയപള്ളിമേടയിലെ വൈസ് പോസ്റ്റുലേറ്ററിന്റെ മുറിയിൽ താമസിച്ച് ശുശ്രൂഷ ആരംഭിച്ച അച്ചൻ 2022 ആരംഭത്തോടെ രോഗിയായെങ്കിലും വിശ്രമാർത്ഥം ഭവനത്തിലും ഇടയ്ക്കിടെ പള്ളിയിലും താമസിച്ചുകൊണ്ടു തന്റെ ശുശ്രൂഷ തുടരുകയായിരുന്നു. 2022 ഒക്ടോബർ 8 നു കാവുകാട്ടുപിതാവിന്റെ ഓർമ്മത്തിരുനാൾ ദിനത്തിൽ സംബന്ധിക്കാനാണ് മറ്റത്തിലച്ചൻ അവസാനമായി വലിയപള്ളിയിൽ വരുന്നത്. അന്നു കാവുകാട്ടുപിതാവിന്റെ കബറിടത്തിൽ നടന്ന ഒപ്പീസിൽ കാർമികനാകുകയും ഏറെസമയം കബറിടപ്പള്ളിയിൽ ചെലവഴിക്കുകയും ചെയ്തു.




അതിനുശേഷം തന്റെ മുറിയിലും കുറേനേരമിരുന്ന് എല്ലാവരോടും പതിവുപോലെ കുശലാന്വേഷണങ്ങൾ നടത്തി. ഓർമ്മത്തിരുനാളിൽ പങ്കെടുക്കാൻ വന്ന മൈനർ സെമിനാരിയിലെ ശെമ്മാശന്മാർക്കു കാവുകാട്ടുപിതാവിന്റെ ചരിത്രം സമ്മാനമായി നല്കുകയും ചെയ്തു. കബറിടപ്പള്ളിയിലും മുറിയിലും സന്നിഹിതരായവരെല്ലാം അച്ചനെ സമീപിച്ചു സ്തുതിചൊല്ലി, അച്ചൻ എല്ലാവരെയും ആശീർവദിച്ചു. വൈകുന്നേരത്തോടെ പള്ളിയിലെ വൈദികസമൂഹത്തോടു നന്ദിയും യാത്രയും പറഞ്ഞു മറ്റത്തിലച്ചൻ തന്റെ ജീവിതത്തിലെ വലിയ പള്ളിയിലെ അവസാന സന്ദർശനം പൂർത്തിയാക്കി.

## യുവജന പരിശീലകൻ

നവതിയിലെത്തിനില്ക്കുമ്പോഴും യുവജനങ്ങളോട് ഇടപെടാൻ അച്ചന് ഒരു പ്രത്യേക സിദ്ധിയുണ്ടായിരുന്നു. അച്ചനോടു ചേർന്നു നില്ക്കാൻ വലിയപള്ളിയിലെ യുവജനങ്ങൾക്കും താല്പര്യമായിരുന്നു. മറ്റത്തിലച്ചൻ വിടവാങ്ങിയ ഉടനെ യുവജനങ്ങളിൽ ഏറെപ്പേരുടെയും ഡിപിയും സ്റ്റാറ്റസും ചെറുകുറിപ്പുകളും ഒക്കെയായി സാമൂഹികമാധ്യമങ്ങളിൽ 90 പിന്നിട്ട അച്ചൻ നിറഞ്ഞെങ്കിൽ, അദ്ദേഹം വലിയ പള്ളിയിൽ ഒരു സ്വാധീനശക്തിയായിരുന്നു എന്നതിന്റെ തെളിവാണത്. അച്ചന്റെ സ്നേഹം യുവജനങ്ങളെ ചേർത്തുനിർത്തിയിരുന്നു. അച്ചന്റെ ഉപദേശങ്ങൾ അവർക്കു സ്നേഹശിക്ഷണങ്ങളായിരുന്നു. കുറേയേറെ യുവജനങ്ങളുടെ കുമ്പസാരക്കാരനായിരുന്നു മറ്റത്തിലച്ചൻ.

## കാരുണ്യത്തിന്റെ നീരുറവ

കാരുണ്യപ്രവൃത്തികളിൽ കാവുകാട്ടുപിതാവിന്റെ മനസായിരുന്നു മറ്റത്തിലച്ചന്. അർഹത ഉള്ളവർ ആരും ഒഴിവാക്കപ്പെടരുത് എന്ന് അച്ചന് നിബന്ധമുണ്ടായിരുന്നു. കാരണം പിതാവിന്റെ നാമകരണ നടപടികളുടെ സാമ്പത്തിക ഉത്തരവാദിത്തം പിൻഗാമിക്കു കൈമാറിയപ്പോഴും ജീവകാരുണ്യപ്രവർത്തനങ്ങളുടെ ചുമതല അച്ചൻതന്നെ തുടരുകയായിരുന്നു.

## കബറിടപ്പള്ളിയുടെ കാവലാൾ

കാവുകാട്ടുപിതാവുൾപ്പടെയുള്ള ഭാഗ്യവാന്മാരായ നമ്മുടെ അഭിവന്ദ്യ പിതാക്കന്മാരുടെ കബറുകൾ ഉൾക്കൊള്ളുന്ന മർത്ത മറിയം കബറിടപ്പള്ളിയുടെ രൂപകല്പനയിലും പരിപാലനത്തിലും



മറ്റത്തിലച്ചനു വലിയ ശ്രദ്ധയും പങ്കുമുണ്ടായിരുന്നു. ദൈവദാസൻ കാവുകാട്ടുപിതാവിന്റെ കബറിടത്തിങ്കൽ സമയം ചെലവഴിക്കുന്നത് അച്ചന് ഏറ്റവും ഇഷ്ടമുള്ള കാര്യമായിരുന്നു. തീർത്തും അവശതയിലും കബറിടപ്പള്ളിയിൽ ഒന്നുകൂടെ പോകണം എന്നു ആവർത്തിച്ച് ആവശ്യപ്പെടാറുണ്ടായിരുന്നു. അച്ചന്റെകൂടെ നേതൃത്വത്തിലാണ് 2015-ൽ വലിയപള്ളിയിലെ മദ്ബഹായിൽനിന്നും അഭിവന്ദ്യ പിതാക്കന്മാരുടെ കബറുകൾ ദൈവജനത്തിനു കൂടുതൽ അടുത്തുനിന്നു പ്രാർത്ഥിക്കാൻ സൗകര്യം ലഭിക്കുന്ന വിധത്തിൽ കബറിടപ്പള്ളിയിലേക്ക് മാറ്റി സ്ഥാപിച്ചത്. ദൈവദാസൻ കാവുകാട്ടുപിതാവിനെ കബറടക്കുന്ന സമയത്തും മൃതദേഹം കബറിലേക്ക് ഇറക്കുന്നതിനും ആ കബർ കബറിട ദൈവാലയത്തിലേക്കു പുനഃസ്ഥാപിക്കുമ്പോഴും തന്റെ സാന്നിധ്യവും ഇടപെടലും ഉണ്ടായിരുന്നുവെന്നത് സമയത്തു മരണസമയംവരെ അച്ചൻ ചാരിതാർഥ്യത്തോടെയും നന്ദിയോടെയും ഓർത്തിരുന്നു.

## വൈദിക സാഹോദര്യത്തിന്റെ വക്താവ്

ജീവിതകാലം മുഴുവൻ വൈദികസാഹോദര്യത്തിനു വലിയ വില കല്പിച്ചിരുന്നു മറ്റത്തിലച്ചൻ. പട്ടമേറ്റുവരുന്ന പുത്തൻ കൊച്ചച്ചനെ പോലും അച്ചാ എന്നേ വിളിച്ചിരുന്നുള്ളു. കാലാകാലങ്ങളിൽ വലിയപള്ളിയിലെത്തുന്ന വികാരിയച്ചനോട് അച്ചനുണ്ടായിരുന്ന വിധേയത്വത്തോടെയുള്ള സ്വാതന്ത്ര്യവും കരുതലും ശ്രദ്ധേയമായിരുന്നു. കൊച്ചച്ചന്മാർക്ക് മറ്റത്തിലച്ചൻ സ്നേഹനിധിയായ ഒരു വല്യച്ചനായിരുന്നു. എന്തൊക്കെ തിരക്കുണ്ടായാലും അത്താഴ



ത്തിന് അച്ചന്മാർ ഒരുമിച്ചിരിക്കണമെന്നും അതിനുശേഷം രാത്രി നമസ്കാരം ഒരുമിച്ചു നടത്തണമെന്നും അച്ചനു നിർബന്ധമുണ്ടായിരുന്നു. അതിനു വരാൻ മുടക്കം ഉണ്ടായാൽ കൊച്ചച്ചന്മാരെ സ്നേഹപൂർവ്വം ശാസിക്കാനുള്ള സ്വാതന്ത്ര്യം മറ്റത്തിലച്ചനുണ്ടായിരുന്നു. അച്ചന്റെ തിരുത്തലുകൾ ഒരു കൊച്ചച്ചനും ഒരു കാലത്തും തരം താഴ്ത്തലോ കുറ്റപ്പെടുത്തലോ ആയി അനുഭവപ്പെട്ടില്ല എന്നതും ശ്രദ്ധേയമാണ്. അതായിരുന്നു മറ്റത്തിലച്ചൻ.

## ആസ്വദിച്ച് അർപ്പിച്ചിരുന്ന ബലികൾ

മറ്റത്തിലച്ചൻ കുർബാനകൾക്കും കൂദാശാപരികർമ്മങ്ങൾക്കുമെല്ലാം സാധാരണയിലും അല്പസമയംകൂടുതൽ എടുക്കുമായിരുന്നു. എന്നാൽ പങ്കെടുക്കുന്നവർക്ക് ഒട്ടും മുഷിപ്പ് ഉണ്ടാകുമായിരുന്നില്ല താനും. കാരണം, ചൊല്ലുന്ന ഓരോ പ്രാർഥനയും പറയുന്ന ഒരോ വാക്കും അച്ചൻ ലയിച്ചാണ് ചൊല്ലിയിരുന്നത്. കൂദാശകളുടെ സൗന്ദര്യം ആസ്വദിച്ചാണ് അച്ചൻ അത് പരികർമ്മം ചെയ്തിരുന്നത്. ബലിപീഠത്തിൽ കുർബാനയപ്പം മുറിക്കുന്നതുപോലെ ബേമ്മായിൽ സ്വയം മുറിച്ച് വിളമ്പുന്ന ശുശ്രൂഷയായ വചനപ്രഘോഷണം സാധാരണദിവസങ്ങളിൽ പോലും അച്ചൻ ഒഴിവാക്കിയിരുന്നില്ല. ഓരോ വർഷവും പഴയതിന്റെ ആവർത്തനമായിരുന്നില്ല അച്ചന്റെ പ്രസംഗങ്ങൾ. ഓരോ പ്രാവശ്യവും അവ പുതിയതായിരുന്നു.

## ശുദ്ധസുറിയാനി സംഗീതത്തിന്റെ ആത്മാവ്

സുറിയാനി ഉൾപ്പെടെയുള്ള സംഗീതലോകം പുതുപുത്തൻ ഭാഷ്യങ്ങൾ തേടിപ്പോകുന്ന ഇന്നത്തെ ലോകത്ത് ശുദ്ധസുറിയാനി സംഗീതത്തിന്റെ കാവൽക്കാരനും സംരക്ഷകനുമായിരുന്നു മറ്റത്തിലച്ചൻ. അച്ചന്റെ ഇമ്പമാർന്ന സുറിയാനി സംഗീതം നമ്മുടെ വലിയപള്ളിയെ പലപ്പോഴും ഭക്തിസാന്ദ്രമാക്കിയിരുന്നു; പ്രത്യേകിച്ചും കാവുകാട്ടുപിതാവിന്റെ ഓർമ്മത്തിരുനാളുകളിൽ. സുറിയാനിഭാഷയും സംഗീതവും മത്തായി വടക്കേൽ എന്ന സുറിയാനി മല്പ്പാന്റെ കീഴിൽ അഭ്യസിച്ച മറ്റത്തിലച്ചന് ഗുരുമുഖത്തുനിന്നും പഠിച്ച ശുദ്ധമായ പൗരസ്ത്യ സുറിയാനി ഈണത്തിൽ മായംകലർത്തുന്നത് സഹിക്കാൻ പറ്റാത്ത കാര്യമായിരുന്നു. മരണക്കിടക്കയിൽപോലും സുറിയാനിപാട്ടുകൾ അച്ചന് പുതുജീവൻ പകർന്നു.

## മറ്റത്തിലച്ചന്റെ മനസ്സിൽ ജനിച്ച മ്യൂസിയം

നമ്മുടെ വലിയപള്ളിയുടെ പ്രവേശനകവാടത്തിൽ പ്രൗഢിയോടെ നില്ക്കുന്ന, പൂർത്തീകരണത്തിലേക്കെത്തുന്ന കാവുകാട്ടു മ്യൂസിയം മറ്റത്തിച്ചന്റെ സ്വപ്നമായിരുന്നു. ആ ഒരു ചരിത്രസംഭവം യാഥാർഥ്യമാക്കാൻ പ്രായത്തെയും പദവിയെയും മറന്നുപോലും അച്ചൻ അത്യദ്ധ്വാനം ചെയ്തു, നമ്മുടെ അതിരൂപതയിലും കാഞ്ഞിരപ്പള്ളിരൂപതയി



ലുമൊക്കെ അച്ചൻ ഇതിനുവേണ്ടി കയറിയിറങ്ങി. തന്റെ സ്വാധീനം മുഴുവൻ കാവുകാട്ടുപിതാവിന്റെ ഈ സംരംഭം സാർത്ഥകമാക്കുന്നതിനായി അച്ചൻ വിനിയോഗിച്ചു. തന്റെ ബന്ധുജനങ്ങളെയും നമ്മുടെ അതിരൂപതയിലെ മുഴുവൻ വൈദികരെയും അച്ചൻ ഈ യത്നത്തിൽ പങ്കെടുപ്പിച്ചിട്ടുണ്ട്. അച്ചന്റെ സ്നേഹപൂർണ്ണമായ ആത്മാർത്ഥതയ്ക്കു മുമ്പിൽ ആർക്കും ‘No’ പറയുവാൻ കഴിയുമായിരുന്നില്ല. കാവുകാട്ടുമ്യൂസിയം മറ്റത്തിലച്ചന്റെ കാവുകാട്ട് സ്നേഹത്തിന്റെയും പ്രായം മറന്നുള്ള കഠിനാദ്ധ്വാനത്തിന്റെയും ഒരു ശാശ്വതസ്മാരകമായി നിലകൊള്ളും എന്നതിന് സംശയമില്ല. മ്യൂസിയം പോലെത്തന്നെ കാരുണ്യപ്രവൃത്തികളും കാവുകാട്ടുപിതാവിന്റെ ഓർമ്മ ശാശ്വതമാക്കും എന്നതായിരുന്നു വലിയ കാവുകാട്ടു ഭക്തനായിരുന്ന മറ്റത്തിലച്ചന്റെ പക്ഷം.

മറ്റത്തിലച്ചൻ മടങ്ങിയിരിക്കുന്നു; പകരം വയ്ക്കാനാകാത്ത കുറെയേറെ അതുല്യതകളും നൂറുനൂറ് ഓർമകളും അച്ചന്റെ ഏറ്റവും വലിയ ആഗ്രഹമായ കാവുകാട്ടുപിതാവിന്റെ ധന്യപദവി പ്രഖ്യാപനം എന്ന സ്വപ്നവും അവശേഷിപ്പിച്ച്. ഈ ലോകത്തിൽ ധന്യമായ പൗരോഹിത്യം ആഢ്യത്വത്തോടെ ജീവിച്ച അച്ചൻ സ്വർഗത്തിൽ കാവുകാട്ടുപിതാവിനൊപ്പം സുറിയാനിയിൽ ദൈവസ്തുതികൾ തുടരും. ദൈവത്തിന്റെ പുരോഹിതാ, സേൽ ബശ്ലാമാ (സമാധാനത്തോടെ പോവുക).





**പിതൃവേദി ഫൊറോനാ സെക്രട്ടറി ആയി തെരെഞ്ഞെടുക്കപ്പെട്ട**
**ജോസഫ് കുര്യൻ ആറുപറയ്ക്കും**
**മാതൃവേദി ഫൊറോനാ ട്രഷറർ കൊച്ചുറാണി ജോസഫ് കൊച്ചുപുരയ്ക്കലിനും**
**കത്തീഡ്രൽ മാതൃപിതൃവേദിയുടെ അഭിനന്ദനങ്ങൾ**

# കുടുംബങ്ങളും സഭയുടെ അനുയാത്രയും

ഡോ. ഫിലിപ്പ് കാവിത്താഴെ
(പ്രൊഫസർ, കാനാ തുരുത്തി)



**പ്രാഥമിക** സമൂഹമാകുന്ന കുടുംബത്തിൽനിന്നാണ് ബാക്കിയെല്ലാം സമൂഹങ്ങളും രൂപംകൊള്ളുന്നത് എന്നതുകൊണ്ട്തന്നെ കുടുംബങ്ങളുടെ രൂപവത്കരണവും അവയുടെ വളർച്ചയിലുള്ള അനുയാത്രയും സഭയെയും സമൂഹത്തെയും സംബന്ധിച്ചിടത്തോളം വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ആധുനിക ഭൗതികവത്ക്കരണപ്രക്രിയയിൽ ഏറ്റവും അധികം വീർപ്പുമുട്ടുന്നത് വിവാഹമെന്ന കൂദാശയിലൂടെ രൂപപ്പെട്ട ക്രൈസ്തവ കുടുംബങ്ങളാണ്. കാരണം അതിഭൗതികതയുടെ കുത്തൊഴുക്കിൽ വിശ്വാസം കാത്തുസംരക്ഷിക്കാനും അതു ജീവിക്കാനും കുടുംബങ്ങൾ നന്നേ കഷ്ടപ്പെടുന്നുണ്ട് എന്ന് പറയാതെവയ്യ. വിശ്വാസജീവിതത്തിലെ പ്രതിസന്ധി കുടുംബ ജീവിതത്തെയും സാരമായി ബാധിക്കും. പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ പറഞ്ഞു: There is a link between the crisis in faith and the crisis in marriage and family. വിശ്വാസവും വിവാഹവും തമ്മിൽ ആഴമായ ഒരു ബന്ധം ഉണ്ടെന്ന് അദ്ദേഹം പഠിപ്പിച്ചു.

വെല്ലുവിളികൾ നിറഞ്ഞ ഈ ലോകത്തിൽ കുടുംബജീവിതത്തിന്റെ വിജയം ആശ്രയിച്ചിരിക്കുന്നത് ജീവിതത്തിൽ സംഭവിക്കുന്ന മാറ്റങ്ങളെ ശരിയായ രീതിയിൽ മനസ്സിലാക്കാനും കൈകാര്യം ചെയ്യാനും കുടുംബങ്ങൾ പരിശീലിപ്പിക്കപ്പെടുമ്പോഴാണ്. പരിശുദ്ധ പിതാവ് പറയുന്നതുപോലെ 'ഒരു കുടുംബവും പൂർണമായി രൂപപ്പെടുത്തി സ്വർഗത്തിൽ നിന്ന് ഇറക്കിവെച്ചതല്ല. സ്നേഹിക്കാനുള്ള കഴിവിൽ കുടുംബങ്ങൾ സ്ഥിരമായി വളരുകയും പക്വത പ്രാപിക്കുകയും ചെയ്യേണ്ടതുണ്ട്' (AL 325). ശരിയായും നിഷ്കളങ്കമായും സ്നേഹിക്കാനും സ്നേഹം പ്രകടിപ്പിക്കാനും അത് സ്വീകരിക്കാനും ഉള്ള കഴിവിൽ

കുടുംബങ്ങൾ വളരുകയും പക്വത പ്രാപിക്കുകയും ചെയ്യത്തക്ക വിധം കുടുംബങ്ങളെ അനുയാത്ര ചെയ്യുന്ന അജപാലന പദ്ധതി ഇന്നിന്റെ ആവശ്യമായി തീർന്നിരിക്കുന്നു. നവസുവിശേഷവത്ക്കരണത്തിന്റെ മുന്നണി പോരാളികളായി വി. ജോൺപോൾ രണ്ടാമൻ വിശേഷിപ്പിച്ചത്, ക്രൈസ്തവ കുടുംബങ്ങളെയാണ്. സ്നേഹത്തിൽ വളരുകയും പക്വത പ്രാപിക്കുകയും ചെയ്യുന്ന കുടുംബങ്ങളിലൂടെയാണ് ഇനിയുള്ള കാലത്ത് കുടുംബ പ്രേഷിതത്വംപോലും നടക്കേണ്ടത്. 'ഇപ്രകാരം വിവാഹ കൂദാശയുടെ വരപ്രസാദത്താൽ എല്ലാറ്റിലും ഉപരി 'ഗാർഹിക സഭകൾ' എന്ന നിലയ്ക്കുള്ള തങ്ങളുടെ ആനന്ദഭരിതമായ സാക്ഷ്യത്തിലൂടെ ക്രൈസ്തവ കുടുംബങ്ങൾ മുഖ്യകർത്താക്കളായി നടത്തുന്ന കുടുംബപ്രേഷിതത്വമാണ് വിശ്വാസത്തിലും സന്മാർഗത്തിലും ഉറച്ച പുതിയ സംസ്കാരത്തിന് രൂപം കൊടുക്കാൻ സഹായിക്കുന്നത്. അതിനാൽ കുടുംബപ്രേഷിതത്വത്തിന്റെ സക്രിയ കർത്താക്കൾ (Active agents) എന്ന നിലയ്ക്കുള്ള തങ്ങളുടെ പങ്ക് ഏറ്റെടുക്കുവാൻ കുടുംബങ്ങളെ പ്രാപ്തരാക്കുക എന്നത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. കാരണം സമൂഹത്തിന് ജീവന്റെ പുളിമാവ് ആകുവാനുള്ള കൃപ നൽകുന്ന വിവാഹമെന്ന കൂദാശയാൽ അവർ വിശുദ്ധീകരിക്കപ്പെട്ടവരാണ്. ഈ അവബോധം വീണ്ടെടുക്കുമ്പോഴാണ് തങ്ങളുടെ ദൗത്യത്തെ കുറിച്ച് ക്രൈസ്തവകുടുംബങ്ങൾ ബോധമുള്ളവരാവുന്നതും ആ ഉത്തരവാദിത്വം നിർവഹിക്കാൻ കെൽപ്പുള്ളവരാകുന്നതും. സ്നേഹത്തിന്റെ ആനന്ദം എന്ന അപ്പസ്തോലിക ആഹ്വാനം നമ്മെ പഠിപ്പിക്കുന്നു. 'കുടുംബം അതിന്റെ ആധ്യാത്മികത കൃത്യമായി ജീവിക്കുന്നത് ഒരേസമയം അത് ഗാർഹിക സഭയും ലോകത്തെ രൂപാന്തരപ്പെടുത്തുന്നതിനുള്ള ഒരു ജീവകോശവുമായി വർത്തിച്ചുംകൊണ്ടാണ്' (AL 324).

സ്നേഹത്തിന്റെ ആനന്ദം എന്ന അപ്പസ്തോലിക ആഹ്വാനം നമ്മെ പഠിപ്പിക്കുന്നു. 'കുടുംബം അതിന്റെ ആധ്യാത്മികത കൃത്യമായി ജീവിക്കുന്നത് ഒരേസമയം അത് ഗാർഹിക സഭയും ലോകത്തെ രൂപാന്തരപ്പെടുത്തുന്നതിനുള്ള ഒരു ജീവകോശവുമായി വർത്തിച്ചും കൊണ്ടാണ്' (AL 324).

ആധുനിക സംസ്കാരം നമുക്കുമുന്നിൽ ഉയർത്തുന്ന വെല്ലുവിളികളെ ഒറ്റയ്ക്ക് ചെറുക്കാനും അതിജീവിക്കാനും ഒരുപക്ഷേ നമുക്കാവില്ല. കുടുംബാംഗങ്ങളും കുടുംബങ്ങളും ഒന്നിച്ചുനിന്നാൽ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പുതിയ ഒരു സംസ്കാരം രൂപപ്പെടുത്താൻ നമുക്കാവും.



# ലഹരിമരുന്നിൽ താളംതെറ്റിയ കേരളീയ യുവജനങ്ങൾ



ടോം കുര്യൻ തോപ്പിൽ

**ലഹരിമരുന്നു** മാഫിയായുടെ കരാളഹസ്തത്തിൽപ്പെട്ട കേരള യുവസമൂഹത്തിന്റെ യഥാർത്ഥ ചിത്രമാണ് ലേഖനത്തിലൂടെ അനാവരണം ചെയ്യുന്നത്. കേരളം ഇന്ന് ലഹരിമരുന്നിന്റെ തലസ്ഥാനമായി മാറിയിരിക്കുന്നു. ഈ സമൂഹികവിപത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് വിദ്യാർത്ഥി സമൂഹത്തെ ബോധവൽക്കരിക്കുകയും ലഹരിമാഫിയയെ ഇല്ലാതാക്കാനുള്ള സംസ്ഥാനഗവൺമെന്റിന്റെ യജ്ഞത്തിൽ കേരളീയ സമൂഹം ഒറ്റക്കെട്ടായി കക്ഷിരാഷ്ട്രീയഭേദമില്ലാതെ അണിനിരക്കണം. എങ്കിൽ മാത്രമേ ലഹരിമരുന്നിന്റെ അമിതഉപയോഗം പ്രകടമായി കാണുന്ന

യുവജനങ്ങളെ മോചിപ്പിക്കാൻ കഴിയുകയുള്ളൂ. തൃശൂർ ജില്ലയിലെ കയ്പമംഗലത്ത് മയക്കുമരുന്നു കടത്തുമായി ബന്ധപ്പെട്ട് അറസ്റ്റിലായ രണ്ടു യുവാക്കളെ പോലീസ് ചോദ്യം ചെയ്തപ്പോൾ ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് ലഭിച്ചത്. പ്രസ്തുത കേസിലെ പ്രതികളിൽനിന്നും മാരകമായ എം.ഡി.എം.എ ഉപയോഗിക്കുന്ന വിദ്യാർത്ഥികളുടെ പേരുവിവരങ്ങൾ ലഭിച്ചു. 250 വിദ്യാർത്ഥികൾ എംഡിഎംഎ എന്ന മാരകലഹരി മരുന്നു ഉപയോഗിച്ചിരുന്നതായി കണ്ടെത്തി. എല്ലാ വാർത്താചാനലുകളിലും പത്രങ്ങളിലും വലിയ പ്രാധാന്യത്തോടെ പ്രസ്തുത വാർത്ത റിപ്പോർട്ട് ചെയ്തു.

നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപത്തായി ശക്തമായ ലഹരിമരുന്നു മാഫിയയുടെ കണ്ണികൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന പോലീസും എക്സൈസും ആന്റിനാർക്കോട്ടിക് ഡിപ്പാർട്ട്മെന്റും സംയുക്തമായി കർമ്മപദ്ധതി തയ്യാറാക്കി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കണം.

യുവജനങ്ങളിൽ വർദ്ധിച്ചുവരുന്ന ലഹരിമരുന്നകളുടെ ഉപയോഗത്തിനെതിരേ സംസ്ഥാന യുവജനക്ഷേമബോർഡിന്റെ നേതൃത്വത്തിൽ സംസ്ഥാനവ്യാപകമായി കൂട്ടയോട്ടങ്ങൾ സംഘടിപ്പിച്ചു ബോധവൽക്കരിക്കുന്നത് ഉചിതമാണ്.

കേരളപോലീസിന്റെ ലഹരി വിരുദ്ധപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതാണ് 'യോദ്ധാവ്'. 2021-2022 വർഷം പോലീസ് രജിസ്റ്റർ ചെയ്ത ശേഷം 25000 കേസുകൾ. 250 സ്കൂളുകൾ ലഹരി ഹോട്ട്സ് സ്പോട്ടുകളാണ് (hotspot). തലസ്ഥാനത്തെ പ്രമുഖ സ്കൂളുകൾ ലഹരി ഹോട്ട്സ് സ്പോട്ട് ലിസ്റ്റിൽ ഉണ്ടെന്നത് അതീവ ഗൗരവമുള്ളതാണ്. പ്രസ്തുത ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ വെളിപ്പെടുത്തിയത് എഡിജിപി എം.ആർ. അജിത് കുമാറാണ്. 2021-2022 വർഷം 13 kg എംഡിഎംഎ, 10 kg ഹാഷിഷ്ഓയിൽ കേരളത്തിൽ പിടികൂടി. 75 gm എംഡിഎംഎ എന്ന ലഹരിമരുന്നുമായി എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിയെ നെയ്യാറ്റിൻകരയിൽവച്ച് എക്സൈസ്, വിജിലൻസ് അറസ്റ്റു ചെയ്തു. യുവജനങ്ങൾ ലഹരിമരുന്നിന്റെ കൈമാറ്റം തൊഴിലായി സ്വീകരിച്ചിരിക്കുന്നു. കഞ്ചാവ്, എംഡിഎംഎ, ബ്രൗൺ ഷുഗർ, ഹാഷിഷ് ഓയിൽ തുടങ്ങിയ സിന്തറ്റിക് ലഹരിമരുന്നുകളുടെ ഉപയോഗം. 2021-2022 കാലത്ത് മുൻകാലത്തെ അപേക്ഷിച്ച് ഇരട്ടിയിലധികമായി. കേരള ഗവൺമെന്റിന്റെ മദ്യനയം തിരുത്തേണ്ട കാലം അതിക്രമിച്ചിരുന്നു. സ്കൂളിന്റെയും ആരാധനാലയത്തിന്റെയും സമീപത്ത് മദ്യവിൽപ്പനശാലകൾ പാടില്ലെന്ന നിയമം ലംഘിക്കുന്നു. ഉന്നത വിദ്യാഭ്യാസ ക്യാമ്പസുകൾ ലഹരിമുക്തമാക്കാനുള്ള 'ബോധപൂർണ്ണിമ' ക്യാമ്പയിനിന്റെ ഭാഗമായി എൻ.എസ്. എസ് വോ

ളണ്ടിയർമാരെയും എൻ.സി.സി കേഡറ്റുമാരെയും ചേർത്ത് ലഹരി വിരുദ്ധ കർമ്മസേന രൂപീകരിക്കുന്നു. ഓരോ കലാലയത്തിലെയും എൻ.എസ്.എസ്, എൻ.സി.സി. വിഭാഗം വിദ്യാർത്ഥികളിൽ നിന്നും തെരഞ്ഞെടുക്കുന്ന പത്തുപേർ വീതമുള്ള വോളണ്ടിയർമാർ ചേർന്നതാണ് ക്യാമ്പസ് തല കർമ്മസേന. ഓരോ കർമ്മസേനാംഗവും മൂന്നുവർഷം ലഹരി വിരുദ്ധപ്രവർത്തനത്തിൽ പങ്കാളിയാവും. പുതുതായി തെരഞ്ഞെടുക്കുന്ന വോളണ്ടിയർമാർക്ക് മാർഗ്ഗനിർദ്ദേശവും പരിശീലനവും നൽകും.


മയക്കുമരുന്നിന്റെ കെണികളിൽ അകപ്പെട്ടുപോയ യുവജനങ്ങളെ സംരക്ഷിക്കുവാനും അവരുടെ പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെടാനും കെ.സി.ബി.സി. ജാഗ്രതാ കമ്മീഷന്റെ നേതൃത്വത്തിൽ 'കരുതൽ' എന്ന പേരിൽ പുനരധിവാസപദ്ധതി ആസൂത്രണം ചെയ്തു. കേരളത്തിലെ 32 രൂപതകളിലെയും ജാഗ്രതാ സമിതികളുടെയും വിവിധ കെ.സി.ബി.സി കമ്മീഷനുകളുടെയും സഹകരണത്തോടെയാണ് 'കരുതൽ പദ്ധതി' നടപ്പാക്കുന്നത്. 2022 നവംബർ മുതൽ പദ്ധതി നടപ്പിൽ വരുമെന്ന് കെ.സി.ബി.സി ജാഗ്രതാ കമ്മീഷന്റെ സെക്രട്ടറി ഫാദർ മൈക്കിൾ പുളിക്കൽ അറിയിച്ചു. നിയമസഹായം, കൗൺസലിംഗ്, പുനരധിവാസം എന്നീ തലങ്ങളിലാണ് പ്രവർത്തനങ്ങൾ.

മദ്യം, മയക്കുമരുന്ന്, സിഗരറ്റ്, പാൻമസാല, കഞ്ചാവ്, എംഡിഎംഎ, ബ്രൗൺഷുഗർ, ഹാഷിഷ് ഓയിൽ പോലുള്ളവ ഉപയോഗിക്കുന്നവരാണ് ചികിത്സ തേടി 'വിമുക്തി' ലഹരി വിമോചന കേന്ദ്രത്തിൽ എത്തുന്നത്. സംസ്ഥാന ആരോഗ്യവകുപ്പിന്റെയും എക്സൈസ് വകുപ്പിന്റെയും സംയുക്ത സംരംഭമാണ് 'വിമുക്തി' ലഹരി വിമോചനകേന്ദ്രം. 2018 'വിമുക്തി' ആരംഭിച്ച് എല്ലാ ജില്ലകളിലും ജനറൽ ആശുപത്രി കേന്ദ്രീകരിച്ച് ലഹരി വിമോചനകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. കോട്ടയം ജില്ലയിൽ പാലാ ജനറൽ ആശുപത്രിയാണ് 'വിമുക്തി' ലഹരി വിമോചനകേന്ദ്രം. മുൻവർഷങ്ങളെ അപേക്ഷിച്ച് ലഹരി ഉപയോഗം ഇരട്ടിച്ചതിന്റെ കണക്കുകളാണ് പാലാ ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്ന വിമുക്തി ലഹരി വിമോചനകേന്ദ്രം നൽകുന്നത്. 2021-ൽ ഒ.പി വിഭാഗത്തിൽ 881 പേരാണ് ചികിത്സ തേടിയെത്തിയതെങ്കിൽ 2022 ജനുവരി മുതൽ ഒക്ടോബർ 26വരെ 1276 പേരാണ് എത്തിയത്. ഐ.പി വിഭാഗത്തിൽ 2021-ൽ 60 പേരും 2022-ൽ ഇരട്ടിയിലധികമാണ്. ആറുസ്ത്രീകളും ചികിത്സ തേടിയെത്തി.

സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ ബോധവൽക്കരണം സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് അടിയന്തിരമായി കർമ്മപദ്ധതി നടപ്പിലാക്കണം. എല്ലാ സ്കൂളിലും

*ശേഷം പേജ് 29*

# കത്തീഡ്രൽ കുടുംബത്തിന്റെ
# സ്മരണാഞ്ജലികൾ



## ഫാ. മാത്യു മറ്റത്തിൽ

ജനനം: 16.10.32
പൗരോഹിത്യം: 12.03.1961
മരണം: 03.01.2023



# നന്ദിയും
# സ്വാഗതവും
# ആശംസയും...



അസിസ്റ്റന്റ് വികാരിയായും
ഇടയന്റെ ചീഫ് എഡിറ്ററായും സ്തുത്യർഹമായ
സേവനമനുഷ്ഠിച്ചതിനുശേഷം
അഭി. ജോസഫ് പെരുന്തോട്ടം പിതാവിന്റെ
സെക്രട്ടറിയായി നിയമിതനായ
**ബഹു. മാത്യു കരിക്കണ്ടത്തിലച്ചന്**
യാത്രാമംഗളങ്ങൾ...



അസിസ്റ്റന്റ് വികാരിയായി
ചുമതലയേറ്റ
**ബഹു. വർഗീസ് പുളിക്കപ്പടവിലച്ചന്**
ഇടവകയിലേക്ക് സ്വാഗതം...



മെത്രാപ്പോലീത്തൻ സൺഡേ സ്കൂളിൽ
ശുശ്രൂഷ ചെയ്യുകയും 2022 ഡിസം. 28 ന്
നവപുരോഹിതനായി അഭിഷിക്തനാവുകയും ചെയ്ത
**ഫാ. മാത്യു എടാട്ടിന്**
നന്ദിയും ആശംസയും...





# സ്നേഹസ്മരണയ്ക്ക്

## 2–ാം ചരമവാർഷികം

പ്രിയപ്പെട്ട ജിജി
നമ്മിൽനിന്നും വേർപിരിഞ്ഞിട്ട്
രണ്ടു വർഷം.
കണ്ണീരിൽ കുതിർന്ന
ആദരാഞ്ജലികൾ...

**ജിജി തോമസ്**
**പേരകശ്ശേരി**

മരണം: 10.01.2021

**പേരകശ്ശേരി, മറ്റം. ചങ്ങനാശ്ശേരി**

# സ്നേഹസ്മരണയ്ക്ക്


## 10–ാം ചരമവാർഷികം



**മേരിക്കുട്ടി ജോസഫ്**

വിയോഗം: 09.11.2012

## 4–ാം ചരമവാർഷികം



**ജോസഫ് ആന്റണി (വാവച്ചൻ)**

വിയോഗം: 09.12.2018

**വല്ലയിൽ, വാഴപ്പള്ളി, ചങ്ങനാശേരി**

# ഇടവക ദിനവൃത്താന്തങ്ങളിലൂടെ...




പൗലോസ് മാർ അക്വീനോസ് പിതാവിന്റെ ചരമവാർഷികം









പണ്ടകശാലക്കടവ് വി. യാക്കോബ് ശ്ലീഹാ കുരിശടി വെഞ്ചരിപ്പ്



വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ





പിണ്ടികുത്തി തിരുനാൾ



മിഷൻലീഗ് ജൂബിലി റാലി



അതിരൂപതാ കലോത്സവം
മാർഗംകളി ഫസ്റ്റ്



ബെസ്റ്റ് പ്രിൻസിപ്പാൾ അവാർഡുജേതാവ്
സി. ക്ലാരിസ് സിഎംസി





കാവുകാട്ട് തീർത്ഥാടനം



മാർ തോമസ് കൂര്യാളശേരി ക്വിസ്
വിജയികൾ



ഫൊറോനാ കലോത്സവ വിജയികൾ





തിരുപ്പിറവിയുടെ കർമ്മങ്ങൾ



ജനറൽ ആശുപത്രിയിൽ നടന്ന ക്രിസ്തുമസ് ആഘോഷം





ബഹു. മാത്യു മറ്റത്തിലച്ചന്റെ സംസ്കാര ശുശ്രൂഷകൾ

# സ്നേഹസ്മരണയ്ക്ക്

## 50–ാം ചരമവാർഷികം



## T. F. ചാക്കോ
## (വാവച്ചൻ)

തൂമ്പുങ്കൽ
അരമനക്കു വടക്കുവശം
ചങ്ങനാശ്ശേരി

ജനനം: 19. 08. 1928
മരണം: 29. 11. 1972

## 12–ാം ചരമവാർഷികം

## ഫ്രാൻസിസ് കുഞ്ഞ്
## ജേക്കബ്
## (ബാബു)

തൂമ്പുങ്കൽ
അരമനക്കു വടക്കുവശം
ചങ്ങനാശ്ശേരി

ജനനം: 03. 06. 1954
മരണം: 25. 06. 2011



# സ്മരണാഞ്ജലി

## 6–ാം ചരമവാർഷികം



# പോൾ ജോസഫ്
# (രാജു)

### ഇടശ്ശേരിപ്പറമ്പിൽ
### ഫിഷ് മാർക്കറ്റ്, ചങ്ങനാശേരി

ജനനം: 09.06.1965   മരണം: 09.11.2016

**സ്നേഹസ്മരണകളോടെ... ഭാര്യ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ**

# In Loving Memory of



## LEELAMMA DEVASIA

Vaippicherry

Vazhappally, Changanacherry

Born: 10.12.1945 Died: 05.01.2022



## LIJO SEBASTIAN

Vaippicherry

Vazhappally, Changanacherry

Born: 30.07.1973 Died: 07.09.2018

*പേജ് 20 തുടർച്ച...*

**സ്ഥലത്തെ പോലീസ്, എക്സൈസ് ഡിപ്പാർട്ടുമെന്റുകളുടെ സംയുക്ത സഹകരണത്തോടെ ലഹരിമരുന്നു വിതരണ കേന്ദ്രങ്ങൾ കണ്ടെത്തി നിർമ്മാർജനം ചെയ്യണം. സംസ്ഥാനത്ത് എബോൺ ടെസ്റ്റ് നടത്തി ലഹരിമരുന്ന് ഉപയോഗിക്കുന്ന ഡ്രൈവർമാരെ കണ്ടെത്തി അറസ്റ്റുചെയ്ത് നിയമനടപടിക്ക് വിധേയരാക്കണം.**

പ്രൊഫഷണൽ കോളേജിലും ആന്റി നാർക്കോട്ടിക്ക് ക്ലബ്ബുകൾ രൂപീകരിക്കുകയും പ്രധാനാദ്ധ്യാപകന്റെ നേതൃത്വത്തിൽ എല്ലാമാസവും യോഗം ചേർന്ന് ശക്തമായ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും വേണം. കായികാധ്യാപകനെ നോഡൽ ഓഫീസറായി നിയമിച്ച് ക്യാമ്പസുകളിലെ ലഹരി വിരുദ്ധപ്രവർത്തങ്ങൾക്ക് നേതൃത്വം നൽകണം. സ്ഥലത്തെ പോലീസ്, എക്സൈസ് ഡിപ്പാർട്ടുമെന്റുകളുടെ സംയുക്ത സഹകരണത്തോടെ ലഹരിമരുന്നു വിതരണകേന്ദ്രങ്ങൾ കണ്ടെത്തി നിർമ്മാർജനം ചെയ്യണം. സംസ്ഥാനത്ത് എബോൺ ടെസ്റ്റ് നടത്തി ലഹരിമരുന്ന് ഉപയോഗിക്കുന്ന ഡ്രൈവർമാരെ കണ്ടെത്തി അറസ്റ്റുചെയ്ത് നിയമനടപടിക്ക് വിധേയരാക്കണം. തൃശൂരിൽ 5 ഓട്ടോ ഡ്രൈവർമാർ അറസ്റ്റിലായത് ഉദാഹരണമാണ്.

ലഹരിമരുന്ന് ഉപയോഗിക്കുന്ന യുവജനങ്ങളെ കണ്ടെത്തി കൗൺസലിംഗ് നൽകി വിമുക്തി ലഹരി വിമോചനത്തിൽ ചികിത്സിച്ച് നല്ല മാനസികാവസ്ഥയിൽ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ സാധിക്കണം. എല്ലാ യുവജനങ്ങളും ലഹരിമരുന്നിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവാന്മാരായിരിക്കണം.

1956 നവംബർ 1-ാം തീയതിയാണ് കേരളം ഭാഷാടിസ്ഥാനത്തിൽ നിലവിൽവന്നത്. അതുകൊണ്ടാണ് നവംബർ 1-ാം തീയതി കേരളപിറവി ദിനമായി ആചരിക്കുന്നത്. 2022 നവംബർ 1-ാം തീയതി കേരളപ്പിറവി ദിനത്തിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ മനുഷ്യചങ്ങല സംഘടിപ്പിക്കുന്നുണ്ട്. ഇത്തരം ബോധവൽക്കരണ പരിപാടികൾ ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ 'ലഹരിവിമുക്ത കേരളം' എന്ന മഹത്തായ ലക്ഷ്യം സാക്ഷാൽക്കരിക്കാൻ സഹായിക്കും. പ്രസ്തുത മഹായജ്ഞത്തിൽ എല്ലാ യുവജനങ്ങളെയും പങ്കാളികളാക്കണം.





# മൂല്യബോധമുള്ളതാകണം വിദ്യാഭ്യാസം

**സി. ക്ലാരിസ് സി.എം.സി.**

**മുത്തുച്ചിപ്പിയിൽ** വീഴുന്ന ജലകണം പവിഴമുത്തായി മാറുന്നത് നിരന്തരസാധനകൊണ്ടാണ്. മനുഷ്യഹൃദയങ്ങളിലേക്ക് പകരപ്പെടുന്ന അറിവ് മുത്തുച്ചിപ്പിയിൽ വീഴുന്ന ജലകണത്തിനു സമാനമാണ്. മൂല്യങ്ങളിൽ അധിഷ്ഠിതമായ നിരന്തര സാധനകൊണ്ടുമാത്രമേ അതു വ്യക്തിത്വവികസനത്തിനുപകരിക്കുന്ന ജ്ഞാനമായി മാറുകയുള്ളൂ. വിദ്യാഭ്യാസത്തിലൂടെ പ്രാപഞ്ചിക രഹസ്യങ്ങൾ മനസ്സിലാക്കുന്നതോടൊപ്പം അവയുടെ നിയന്താവായ ദൈവത്തേയും തിരിച്ചറിയുവാൻ വിദ്യാർത്ഥിക്കു സാധിക്കണം. ആർജ്ജിത വിജ്ഞാനത്തിലൂടെ സ്വന്തത്തെയും സഹജീവികളെയും പ്രകൃതിയെയും പ്രപഞ്ചത്തെയും പ്രപഞ്ചദാതാവിനെയും അറിയുകയും ആദരിക്കുകയും ചെയ്യുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഏത് അറിവും മനുഷ്യനെ നന്മയുടെ പന്ഥാവിലൂടെ വഴിനടത്തുവാൻ, അവനെ അല്പം കൂടി ദൈവികനാക്കി മാറ്റുവാൻ പര്യാപ്തമാകണം. ഇപ്രകാരമുള്ള വിദ്യാഭ്യാസം നല്കുകയാണ് ക്രൈസ്തവാധ്യാപകരുടെ പ്രത്യേകിച്ച്, സമർപ്പിതരുടെ കർത്തവ്യം. മനുഷ്യനെ ദൈവികനാക്കുന്ന വിദ്യാഭ്യാസം സ്വപ്നംകണ്ടാണ് ക്രാന്തദർശിയായ വാഴ്ത്തപ്പെട്ട ചാവറയച്ചൻ പള്ളികളോടൊപ്പം പള്ളിക്കൂടങ്ങൾ ആരംഭിക്കുവാൻ നിർബന്ധിച്ചതും വിദ്യാഭ്യാസ പ്രേഷിതത്വത്തിലേക്ക് നയിച്ചതും.

ദിവ്യമായ ഒരു അഗ്നിജ്വാലയും ഹൃദയത്തിൽ പേറിക്കൊണ്ടാണ് നാമെല്ലാം പിറന്നുവീണത്. ഈ അഗ്നിക്കു ചിറകുകൾ നല്കാനും അതിന്റെ ധവളിമകൊണ്ട് ഈ ഭവനത്തെ നിറയ്ക്കുവാനും വേണ്ടിയുള്ളതായിരിക്കണം നമ്മുടെ പ്രയത്നങ്ങളെല്ലാം എന്ന് മുൻ രാഷ്ട്രപതി അബ്ദുൾകലാം ഓർമ്മിപ്പിക്കുന്നു. വിദ്യാഭ്യാസം അറിവുകൾ കൈമാറ്റം ചെയ്യപ്പെടുന്ന പ്രക്രിയ മാത്രമല്ല, മൂല്യങ്ങളുടെ സംക്രമണം കൂടി ഉൾപ്പെടുന്നതാണ്. ജീവിതമൂല്യങ്ങളിലും സമഗ്രവ്യക്തിത്വ വികാസത്തിലും ഈശ്വരാനുഭൂതിയിലും ഊന്നിയ ഒരു ജീവിതസമീപനത്തിലൂടെ വളർച്ചയുടെയും വിജയത്തിന്റെയും പടവുകൾ കയറുവാൻ ഇളംതലമുറയെ സഹായിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ദൗത്യം. വിദ്യാർത്ഥികളെ സ്നേഹസമീപനങ്ങളാൽ വ്യക്തിപരമായി മനസ്സിലാക്കുവാനും അവരുടെ

കൂടെ ചരിച്ച് അവരുടെ ആന്തരികസാധ്യതകളെ തിരിച്ചറിഞ്ഞ് വെളിപ്പെടുത്തുവാനും ബലപ്പെടുത്തുവാനും അധ്യാപകർക്കും സാധിക്കണം.

ഭാരതീയ ആദ്ധ്യാത്മികതയുടെ പ്രതീകമായ താമര വളരുന്നത് ചേറുനിറഞ്ഞ സാഹചര്യങ്ങളിലാണ്. വേര് ചേറിലാണെങ്കിലും ചേറിൽനിന്നുയർന്ന് വെള്ളത്തിനു മുകളിലായി സഹസ്രദളങ്ങളുമായി നില്ക്കുന്ന മനോഹരമായ താമരപുഷ്പം ഏവരെയും ആകർഷിക്കും. ആ പുഷ്പത്തിന്റെ ഒരു ദളത്തിൽപോലും ചേറിന്റെ അംശമില്ല. ഇന്നത്തെ ലോകം തിന്മയുടെ സ്വാധീനത്തിലാണെങ്കിലും നമ്മുടെ വിദ്യാർത്ഥികളെ ധാർമ്മികമൂല്യങ്ങളുടെ സംപ്രേഷണത്തിലൂടെ മനോഹരവ്യക്തിത്വങ്ങളുടെ ഉടമകളാക്കി മാറ്റുവാൻ സാധിക്കും, സാധിക്കണം. പ്രവർത്തിക്കാതെ നേടുന്ന ധനം, മനസാക്ഷിയില്ലാതെ നേടുന്ന ആനന്ദം, സ്വഭാവഗുണമില്ലാതെ നേടുന്ന അറിവ്, സദാചാരമില്ലാത്ത വാണിജ്യം, മാനുഷിക പരിഗണനയും ത്യാഗമനോഭാവവുമില്ലാത്ത ശാസ്ത്രം, തത്വദീക്ഷയില്ലാത്ത രാഷ്ട്രീയം ഇവയൊക്കെ മഹാത്മാഗാന്ധിയുടെ അഭിപ്രായത്തിലെ മഹാപാതകങ്ങളാണ്. ഇന്നത്തെ സംസ്കാരത്തിൽ ഇവയൊക്കെ ചേറിന്റെ സാഹചര്യം സൃഷ്ടിക്കുന്നവയാണ്. തിരിച്ചറിവ് നല്കാത്ത വിദ്യ അജ്ഞതപോലെ അർത്ഥശൂന്യമാണ്. ശാസ്ത്രവും വിവരസാങ്കേതികവിദ്യയും ഇന്ന് അത്ഭുതാവഹമായി വളർന്നിരിക്കുന്നു. എന്നാൽ ധാർമ്മികമൂല്യങ്ങളുടെ ശോഷണവും സംഭവിച്ചുകൊണ്ടിരിക്കുന്നു. വിദ്യാർത്ഥികൾ ബൗദ്ധികതലങ്ങളിൽ ഉയരുന്നു. ധാർമ്മികതലങ്ങളിൽ അപജയങ്ങൾ സംഭവിക്കുന്നു. അക്ഷരജ്ഞാനത്തിലും വിദ്യാഭ്യാസത്തിലും ഉയരുന്നതോടൊപ്പം പീഡനങ്ങളും അക്രമങ്ങളും ധാർമ്മികച്യുതിയും വർദ്ധിക്കുന്നു.

മൂല്യശോഷണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യങ്ങളിൽ ഒരു പ്രതിസംസ്കാരം വളർത്തിയെടുക്കാതെ സമൂഹത്തിന് നന്മയുടെ പന്ഥാവിൽ ബഹുദൂരം ചരിക്കാനാവില്ല. അതിന് അക്ഷരങ്ങളുടെ വെള്ളിവെളിച്ചത്തിലൂടെ ഇളംതലമുറയെ കൈപിടിച്ചു നടത്തുവാൻ ജീവിതവിശുദ്ധിയാകുന്ന എണ്ണ നിറച്ച, വിദ്യയാകുന്ന ദീപം കൈകളിലേന്തിയ വിവേകമതികളായ കന്യകമാരുണ്ടാകണം. ലോകത്തിന്റെ ഭാവിയെ കരുപ്പിടിപ്പിക്കുന്ന കാലത്തിന്റെ പ്രവാചകരാകാൻ മാത്രം ആദ്ധ്യാത്മികതയുടെ ആഴമുള്ള, ദൈവികത നിറഞ്ഞ, നന്മ പ്രസരിപ്പിക്കുന്ന സമർപ്പിതരായ അധ്യാകരുണ്ടാകണം. നിങ്ങളുടെ ജോലിയോടു സാഹസികമായ അർപ്പണബോധമുണ്ടെങ്കിൽ മാത്രമേ വിജയം നേടാനാകൂ. അജയ്യമായ ആവേശത്തോടെ മുന്നേറിയാൽ നമുക്കർഹമായ സ്ഥാനം നിഷേധിക്കാൻ ഒരു ശക്തിക്കും സാധ്യമാവുകയില്ല എന്ന് നോബൽസമ്മാന ജേതാവും ശാസ്ത്രജ്ഞനും അധ്യാപകനുമായിരുന്ന സർ സി.വി. രാമൻ നമ്മെ അനുസ്മരിപ്പിക്കുന്നു. വാഴ്ത്തപ്പെട്ട ചാവറപ്പിതാവ് നമ്മെ ഭരമേല്പിച്ചിരിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ക്രിസ്തീയരൂപീകരണം സഫലമാക്കുവാൻ നവോന്മേഷത്തോടെ, ദൈവസ്നേഹതീക്ഷ്ണതയോടെ കർമ്മമണ്ഡലങ്ങളിൽ പ്രവർത്തനനിരതരാകാം.



# ഇടവക വാർത്തകൾ

## സൺഡേസ്കൂൾ വാർത്തകൾ

### കാവുകാട്ട് തീർത്ഥാടനം

അഭി. മാർ മാത്യു കാവുകാട്ട് പിതാവിന്റെ അനുസ്മരണാർത്ഥം ചന്തക്കടവ് കുരിശുപള്ളിയിൽനിന്നും കത്തീഡ്രൽ ദേവാലയത്തിലെ കാവുകാട്ടുപിതാവിന്റെ കബറിടത്തിലേയ്ക്ക് ഒക്ടോബർ 5-ാം തീയതി രാവിലെ 8 മണിക്ക് തീർത്ഥാടനം നടത്തി. സന്ദേശനിലയം ഡയറക്ടർ റവ. ഫാ. ആൻഡ്രൂസ് പാണംപറമ്പിലച്ചന്റെ കാർമ്മികത്വത്തിൽ 9 മണിക്ക് കബറിടത്തിങ്കൽ ഒപ്പീസ് ചൊല്ലി. ലഘുഭക്ഷണവിതരണവും നടന്നു.

### കാവുകാട്ട് പിതാവിന്റെ കബറിടസന്ദർശനം

ഒക്ടോബർ 9-ാം തീയതി അഭി. മാർ മാത്യു കാവുകാട്ടു പിതാവിന്റെ ചരമദിനത്തിൽ സൺഡേസ്കൂൾ വിദ്യാർത്ഥികളെല്ലാം വിശുദ്ധ കുർബാനയെ തുടർന്ന് അഭി. പിതാവിന്റെ കബറിടം സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

### Best Principal Award ജേതാവ് സി. ക്ലാരിസിനെ അഭിനന്ദിച്ചു

റോട്ടറി ക്ലബ് റോയൽ തിരുവനന്തപുരത്തിന്റെ International Excellence Award നേടിയ സ്റ്റാഫ് സെക്രട്ടറി സി. ക്ലാരിസിനെ സൺഡേസ്കൂൾ കുടുംബം അനുമോദിച്ചു.

### പ്രാർത്ഥനാദിനം

ദളിത് ക്രൈസ്തവരുടെ ആനുകൂല്യങ്ങൾ നേടിയെടുക്കാനുള്ള കേസിന്റെ വിജയത്തിനും അഭി. തോമസ് പാടിയത്ത് പിതാവിന്റെ മെത്രാഭിഷേക കർമ്മങ്ങളുടെ വിജയത്തിനും ബഹു. കുരുവിള

കോക്കാട്ട് അച്ചന്റെ നിര്യാണത്തിൽ അച്ചന്റെ ആത്മശാന്തിക്കായും നടത്തിയ പ്രാർത്ഥനാശുശ്രൂഷകൾക്ക് സി. ബിനിത സി.എം.സി., സി. ക്ലാരിസ് സി.എം.സി. എന്നിവർ നേതൃത്വം നൽകി.

### കരുണാർത്ഥനയിലെ പങ്കാളിത്തം

സഭാനവീകരണവർഷത്തിൽ ദേശത്തിനും കുടുംബത്തിനും വേണ്ടി കബറിടപ്പള്ളിയിൽ നടത്തുന്ന 40 ദിന രാത്രി അഖണ്ഡപ്രാർത്ഥനായജ്ഞത്തിൽ ഒക്ടോബർ 22-ാം തീയതിയും ഞായറാഴ്ചകളിലും സൺഡേസ്കൂൾ കുടുംബം പങ്കുചേർന്നു.

### Mental Health Awareness Seminar

11, 12 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് മാനസീകാരോഗ്യം പരിപാലിക്കാനും മാധ്യമ, ലഹരി ഉപയോഗങ്ങളിൽ വേണ്ട ജാഗ്രത പുലർത്താനും കൗമാരകാലഘട്ടം പക്വമായി കൈകാര്യം ചെയ്യുവാനും സഹായിക്കുന്ന ബോധവത്ക്കരണക്ലാസ്സുകൾ ഡോ. ജോണി കൊല്ലമന, സി. വത്സമ്മ OMMI എന്നിവരുടെ നേതൃത്വത്തിൽ ഒക്ടോബർ 23-ാം തീയതി നടത്തപ്പെട്ടു.

### അഭിനന്ദനങ്ങൾ

6th റാങ്ക് നേടി B.Ed പരീക്ഷയിൽ ജയിച്ച Pauline Maria Job നെ അഭിനന്ദിച്ചു.

### മിഷൻ ഞായർ - ഭവനസന്ദർശനം

വിവിധ കൂട്ടായ്മകളുടെ അടിസ്ഥാനത്തിൽ കുട്ടികളെ ഗ്രൂപ്പ് തിരിച്ച് അധ്യാപകരുടെ സഹകരണത്തോടെ ഭവനസന്ദർശനം നടത്തുകയും മിഷൻഞായറിന്റെ പ്രാധാന്യം വിശദീകരിക്കുകയും കുടുംബാംഗങ്ങളുടെ ക്ഷേമം അന്വേഷിക്കുകയും മിഷൻ സംഭാവന സ്വീകരിക്കുകയും ചെയ്തു.

### കൗൺസലിംഗ്

എല്ലാ ഞായറാഴ്ചയും Dr. Johny Kollamana, Sr. Valsamma OMMI, Smt. Litty Kandamkary, Smt. Kochurani Panchikal, Dr. Elizabeth Lovely എന്നിവരുടെ നേതൃത്വത്തിൽ Students Counselling നടക്കുന്നു.

### Shalom Forane Kalolsavam Overall 2nd

ചങ്ങനാശേരി ഫൊറോന ബൈബിൾ കലോത്സവത്തിൽ എല്ലാ മത്സരവേദികളിലും വിദ്യാർത്ഥികൾ ആവേശഭരിതമായി മത്സരിക്കുകയും overall 2-ാം സ്ഥാനം നേടുകയും ചെയ്തു. മാർഗ്ഗംകളി - ബോയ്സ്, ഗാനമേള, വചനരംഗാവതരണം, ലളിതഗാനം - സീനിയർ

ഗേൾസ്, ലളിതഗാനം - സൂപ്പർ സീനിയർ ഗേൾസ്, പ്രസംഗം - സബ് ജൂനിയർ ഗേൾസ് എന്നീ മത്സരങ്ങൾക്ക് 1-ാം സ്ഥാനം നേടുവാൻ നമ്മുടെ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്ക് സാധിച്ചു. അധ്യാപകരുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമാണ് ഈ വിജയം എന്ന് മനസിലാക്കി ബഹു. വികാരിയച്ചൻ ഏവരെയും അഭിനന്ദിച്ചു.

## കുമ്പസാരം - ക്രിസ്തുമസ്സിനൊരുക്കം

ക്രിസ്തുമസ്സിനൊരുക്കമായി ഡിസംബർ 11-ാം തീയതി വിദ്യാർത്ഥികൾക്കായി കുമ്പസാരം ക്രമീകരിച്ചു. ഏതാണ്ട് 8 വൈദികരുടെ നേതൃത്വത്തിൽ എല്ലാ വിദ്യാർത്ഥികളും അനുരഞ്ജനകൂദാശ സ്വീകരിച്ചു.

## ക്രിസ്തുമസ് ആഘോഷം

ഡിസംബർ 18-ാം തീയതി ഞായറാഴ്ച സൺഡേസ്കൂൾ തലത്തിലെ ക്രിസ്തുമസ് ആഘോഷം നടന്നു. സ്നേഹധനനായ വികാരി പെ. ബഹു. ഡോ. ജോസ് കൊച്ചുപറമ്പിലച്ചൻ ക്രിസ്തുമസ് സന്ദേശം നല്കുകയും കേക്കു മുറിക്കുകയും ചെയ്തു. തുടർന്ന് ക്ലാസുകളിൽ കരോൾഗാനം, ടാബ്ലോ, പ്രസംഗം എന്നിവയിലൂടെ ക്രിസ്തുമസ് ആഘോഷം നടത്തി. ഡിസംബർ 24-ാം തീയതി പുൽക്കൂട് മത്സരം നടന്നു. 25-ാം തീയതി രാത്രി ക്രിസ്തുമസ് ആഘോഷ പരിപാടികളെ തുടർന്ന് കുട്ടികളുടെ Light & Sound പരിപാടിയും നടന്നു.

## മാതൃവേദി

മഹത്ത്വപൂർണ്ണമായ മാതൃപിതൃത്വമെന്ന ആപ്തവാക്യത്തോടെ പരിശുദ്ധ അമ്മയുടെ നാമത്തിലുള്ള കത്തീഡ്രൽ മാതൃപിതൃവേദി അംഗങ്ങൾ കുടുംബപ്രേഷിതരംഗത്ത് 1980-മുതൽ സജീവമായി പ്രവർത്തിക്കുന്നു. എല്ലാ മാസത്തിന്റേയും മൂന്നാമത്തെ വ്യാഴാഴ്ച മൂന്നു മണിക്ക് ഡയറക്ടർ അച്ചന്റേയും ആനിമേറ്റർ സിസ്റ്ററിന്റേയും നേതൃത്വത്തിൽ അംഗങ്ങൾ ഒന്നുചേർന്ന് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു. സംഘടനാപ്രവർത്തനങ്ങൾക്ക് സാമ്പത്തികഭദ്രത ആവശ്യമായിവന്ന സാഹചര്യത്തിൽ ആരംഭിച്ച 'കേറ്ററിംഗ് സർവ്വീസ്' അതിൽനിന്നും കിട്ടുന്ന വരുമാനംകൊണ്ട് ക്യാൻസർ രോഗികൾക്ക് സഹായം, പാവപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ സഹായം, ഭവനങ്ങൾക്ക് അറ്റകുറ്റപണിയ്ക്കുള്ള സഹായം എന്നിവ നൽകിവരുന്നു.

ജീവകാരുണ്യമാസത്തിൽ മാതൃവേദി അംഗങ്ങൾ ഭവനങ്ങളിൽ എത്തി രോഗീസന്ദർശനം നടത്തുകയും വേണ്ട സഹായം ചെയ്യുക

യും ചെയ്യുന്നു. എല്ലാ ആദ്യ വെള്ളിയാഴ്ചകളിലും വലിയ നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും, ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ പ്രാർത്ഥനയും നേർച്ചക്കഞ്ഞി വിതരണവും നടത്തിവരുന്നു. ദമ്പതീസംഗമം, ഏലീശ്വാ സന്ദർശനം, രോഗീദിനം, ഗ്രാൻഡ് പേരന്റ്സ് ഡേ എന്നിവയ്ക്ക് നേതൃത്വം നൽകി വരുന്നു. മാതൃദിനത്തോടും വനിതാദിനത്തോടും അനുബന്ധിച്ച് മുതിർന്ന മാതാപിതാക്കളെ ആദരിക്കുകയും അവരോടൊപ്പം സമയം പങ്കിടുകയും ചെയ്യുന്നു. ഇടവകയിലെ പ്രത്യേകതിരുനാളുകൾ ചരമവാർഷികദിനങ്ങൾ, ശ്രാദ്ധഅടിയന്തിരങ്ങൾ എന്നിവയിലും മാതൃവേദി അംഗങ്ങൾ ഇടവകയോട് ചേർന്ന് പ്രവർത്തിക്കുന്നു. ശവസംസ്കാര ചടങ്ങുകളിൽ അംഗങ്ങൾ പങ്കെടുക്കുകയും ഭവനത്തിൽ എത്തി പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു. മരണാനന്തര ചടങ്ങുകൾക്കുള്ള കാപ്പി, ഇടവകയിലെ പ്രത്യേക പരിപാടികൾക്കുള്ള ഭക്ഷണം പാകം ചെയ്യൽ എന്നിവയിൽനിന്നും കിട്ടുന്ന വരുമാനം ചാരിറ്റി ഫണ്ടിലേയ്ക്ക് മാറ്റി ഇടവകയിലെ നിർധനരായ അംഗങ്ങൾക്ക് ധനസഹായം നൽകിവരുന്നു.

കുട്ടികളുടെ വിശ്വാസപരിശീലനത്തിന്റെ ഭാഗമായ സൺഡേ സ്കൂൾ പ്രവേശനോത്സവം, തിരുബാലസഖ്യം, പ്രോലൈഫ്, സിമിത്തേരി ശുചീകരണം തുടങ്ങിയവയിലും മാതൃവേദി അംഗങ്ങൾ മുഖ്യപങ്കുവഹിക്കുന്നു. ഫൊറോന അടിസ്ഥാനത്തിൽ നടത്തിയ കലാമത്സരത്തിൽ പങ്കെടുത്ത ഇനങ്ങളിൽ ടാബ്ളോയ്ക്കു 1-ാം സ്ഥാനവും വോക്സ് (സമൂഹഗാനം) 11-ാം സ്ഥാനവും നേടാൻ സാധിച്ചു. ഈ കാലയളവിൽ 1980 മുതൽ 2022 വരെയുള്ള മാതൃവേദിയുടെ ചരിത്രം തയ്യാറാക്കി അതിരൂപതയ്ക്ക് നൽകുവാൻ സാധിച്ചു. 2021-2022 വർഷത്തിലെ റിപ്പോർട്ടടിസ്ഥാനത്തിൽ ഫൊറോനയിൽ മാതൃവേദി 2-ാം സ്ഥാനത്തോടെ മോഡൽ യൂണിറ്റായി തിരഞ്ഞെടുക്കപ്പെട്ടു.

ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ പെരിയ ബഹു. ജോസ് കൊച്ചുപറമ്പിൽ അച്ചനും ഡയറക്ടർ ബഹു.ടോബി പുളിക്കാശ്ശേരി അച്ചനും ആനിമേറ്റർ സി. ആനി ജോർജിനും, അതിലുപരിയായി ഞങ്ങളെ നയിച്ച സർവ്വശക്തനായ ദൈവത്തിനും നന്ദി പറഞ്ഞുകൊണ്ട് കത്തീഡ്രൽ മാതൃവേദിക്കുവേണ്ടി,

**കൊച്ചുറാണി ജോസഫ്,** പ്രസിഡന്റ്

## കത്തീഡ്രൽ പിതൃവേദി

കത്തീഡ്രൽ പിതൃവേദി 2022 പ്രവർത്തനവർഷ റിപ്പോർട്ട് ചങ്ങനാശേരി കത്തീഡ്രൽ മാതൃ-പിതൃവേദിയുടെ സംയുക്തവാർഷികവും 2022 പ്രവർത്തനവർഷം ഉദ്ഘാടനവും 2022 മാർച്ച് 20-ാം

തീയതി നടത്തപ്പെട്ടു. പ്രസിഡന്റ് ബിന്നിച്ചൻ ചക്കുപുരയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം അതിരൂപത മാതൃവേദി പ്രസിഡന്റ് ആൻസിയോടൊത്ത് ഉദ്ഘാടനം ചെയ്തു. അന്നേദിവസം ജോസഫ് നമധാരികളെ വികാരിയച്ചൻ അനുമോദിച്ചു. നോമ്പുകാലത്തെ വെള്ളിയാഴ്ചകളിലെ വിശുദ്ധ കുരിശിന്റെവഴി അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. ദുഖവെള്ളിയാഴ്ചത്തെ തിരുക്കർമ്മത്തിനുശേഷം കത്തീഡ്രൽ മാതൃ-പിതൃവേദി ഒരുക്കിയ ദീപ കാഴ്ച ഏറെ ശ്രദ്ധിക്കപ്പെട്ടു. പന്തക്കുസ്താദിനത്തിൽ നടന്ന കുഞ്ഞുമക്കളുടെ എഴുത്തിനിരുത്ത്, പരിസ്ഥിതി ദിനാചരണം ഡയറക്ടർ റ്റോണി അച്ചന്റെ നേതൃത്വത്തിൽ മലയാറ്റൂർ തീർത്ഥാടനം എന്നിവ നടത്തപ്പെട്ടു. ജൂൺ 24-ാം തീയതി പിതൃദിനം നടത്തപ്പെട്ടു. പതാക ഉയർത്തൽ, ജപമാല, മുൻകാല പ്രവർത്തകരെ ആദരിക്കൽ എന്നിവ നടത്തപ്പെട്ടു. ഫൊറോന കലോൽസവത്തിൽ വിജയികളായ റോഹൻ തോമസ്, സതീഷ് പി.സി, ജെസ്സി സോണി, സോണി അട്ടിച്ചിറ, റീത രാകേഷ്, ആൻഡ്രിയ ജിനോ, റോഷൻ എന്നിവർക്കും അതിരൂപത ലളിതഗാന മൽസരത്തിൽ 2-ാം സ്ഥാനം കരസ്ഥമാക്കിയ സതീഷ് പി.സി.ക്കും കത്തീഡ്രൽ മാതൃ-പിതൃവേദിയുടെ അഭിനന്ദനങ്ങൾ. ഡിസംബർ മാസം മുതൽ വെള്ളിയാഴ്ചകളിൽ അംഗങ്ങൾ ഒരുമിച്ചു കൂടി വൈകുന്നേരം ജപമാല നടത്തുന്നു.

ജീവകാരുണ്യ മാസാചരണത്തിന്റെ ഭാഗമായി പിതൃവേദി അംഗങ്ങൾ ഡയറക്ടർ ഫാദർ റ്റോബി പുളിയ്ക്കാശ്ശേരി അച്ചന്റെ നേതൃത്വത്തിൽ ഇടവകയിലെ 10 രോഗികളെ സന്ദർശിക്കുകയും ക്രിസ്തുമസ് ആശംസ അർപ്പിച്ച് പ്രാർത്ഥിക്കുകയും, ഉപഹാരങ്ങൾ നൽകുകയും ചെയ്തു.

2022ലെ പ്രവർത്തന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫൊറോനയിലെ മികച്ച 3-ാംമത്തെ യൂണിറ്റായും, നമ്മുടെ യൂണിറ്റ് തെരഞ്ഞെടുക്കപ്പെട്ടു. കൂടാതെ പ്രവർത്തനത്തിൽ മികച്ച 2-ാമത്തെ യൂണിറ്റായി കത്തീഡ്രൽ മാതൃ-പിതൃവേദിയെ തെരഞ്ഞെടുത്തു.

കഴിഞ്ഞ വർഷം ഞങ്ങൾക്കുവേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകിയ ഡയറക്ടർ റ്റോബി അച്ചൻ ആനിമേറ്റർ സിസ്റ്റർ, എക്സിക്യൂട്ടീവ് അംഗങ്ങൾക്കു ക്രിസ്മസ്സിന്റെയും പുതുവൽസരത്തിന്റെയും മംഗളങ്ങൾ നേർന്നുകൊണ്ട് ഈശോയിൽ സ്നേഹപൂർവ്വം

**ബിന്നിച്ചൻ മാത്യു**
പ്രസിഡന്റ്

**സോണി കരിമറ്റം**
സെക്രട്ടറി

## മദ്യവിരുദ്ധസമിതി കത്തീഡ്രൽ ശാഖ

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി അതിരൂപതാതലത്തിൽ ചങ്ങനാശേരി മെത്രാപ്പോലീത്തൻപള്ളിയിൽ നടത്തിയ പരിപാടി അതിരൂപതാ ഡയറക്ടർ റവ. ഫാ. ജോൺ വടക്കേക്കളം പരി. കുർബാനയർപ്പിച്ച് ആരംഭിച്ചു. അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ പതാക ഉയർത്തി. കത്തീഡ്രൽപള്ളി വികാരി വെരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ, ഡയറക്ടർ ശ്രീ. റ്റോണി കരിക്കണ്ടം, ആത്മതാ കേന്ദ്രം സെക്രട്ടറി ശ്രീ. സണ്ണിച്ചൻ, സൺഡേസ്കൂൾ ഡയറക്ടർ റവ. ഫാ. അലൻ വെട്ടുകുഴി, സൺഡേസ്കൂൾ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ പരിപാടിയിൽ സംബന്ധിച്ചു. ലഹരിക്കെതിരെയുള്ള പോരാട്ടത്തിന് അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവിന്റെ നേതൃത്വത്തിൽ ചങ്ങനാശേരിയിൽ നടത്തിയ പരിപാടിക്ക് കത്തീഡ്രൽ പള്ളിയിലെ എല്ലാ സംഘടനകളും പങ്കെടുക്കുകയുണ്ടായി. അതിരൂപതാ തലത്തിൽ നടത്തിയ കുടുംബസംഗമത്തിൽ നമ്മുടെ പള്ളിയിൽനിന്ന് 25 കുടുംബങ്ങൾ പങ്കെടുത്തു. തിരുവനന്തപുരം അമല പാസ്റ്ററൽ സെന്ററിൽ ബഹു. ജോഷി മഠത്തിപ്പറമ്പിലച്ചൻ നയിക്കുന്ന ധ്യാനത്തിന് നമ്മുടെ 5 കുടുംബങ്ങൾ പങ്കെടുത്തു. ആത്മതാ കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന ലഹരിവിരുദ്ധ ഹോമിയോ മരുന്നുകൾ പല കുടുംബങ്ങൾക്കും നൽകി. മാസം തോറും നടക്കുന്ന പ്രാർത്ഥനാകൂട്ടായ്മയ്ക്ക് ബ്രദർ വർഗീസ് മാവേലിക്കരയും ബ്രദർ പ്രിൻസും ഡയറക്ടർ റവ. ഫാ. റ്റോണി കരിക്കണ്ടവും നേതൃത്വം നൽകുന്നു. നവംബർമാസം ശ്രീ. സെബാസ്റ്റ്യൻ ഇടശ്ശേരിയുടെ ഭവനത്തിലും ഡിസംബർ മാസം ശ്രീ. ജോസി കല്ലുകളത്തിന്റെ ഭവനത്തിലും ജനുവരി മാസം ശ്രീ. ബാബു വടക്കേതോപ്പിലിന്റെ ഭവനത്തിലും പ്രാർത്ഥനാക്കൂട്ടായ്മ നടത്തി. ഈ മാസത്തെ വേളാങ്കണ്ണി ട്രിപ്പ് ജനുവരി 21-ാം തീയതി നടത്തുകയാണ്. ഈ ട്രിപ്പിനു നേതൃത്വം നൽകുന്നത് ബ്രദർ വർഗീസ് മാവേലിക്കര, ബ്രദർ പ്രിൻസ്, ശ്രീ. ജോസി കല്ലുകളം എന്നിവരാണ്. പ്രസിഡന്റ് ബിജു കൊച്ചുപുരയ്ക്കൽ, ജോസി കല്ലുകളം, സിന്നിച്ചൻ ചക്കുപുരയ്ക്കൽ, ബെന്നി പുതുപ്പറമ്പ്, ജോസഫ് വഞ്ചിപ്പുഴ, ലിസമ്മ റ്റോമി പുല്ലുകാട്ട്, റാണി പ്ലാപറമ്പ് എന്നിവർ ഈ സമിതിക്ക് സജീവ നേതൃത്വം നൽകുന്നു.

പ്രസിഡന്റ്
**ബിജു കൊച്ചുപുരയ്ക്കൽ**

സെക്രട്ടറി
**ജോസി കല്ലുകളം**

## എ.കെ.സി.സി. കത്തീഡ്രൽ ശാഖ റിപ്പോർട്ട്

ഓണത്തോടനുബന്ധിച്ച് ഭവനങ്ങളിൽ വിഷരഹിത പച്ചക്കറി തൈകൾ നടുവാൻ 100 പേർക്ക് സൗജന്യമായി പച്ചക്കറിതൈകൾ വിതരണം ചെയ്തു. എല്ലാ ഭവനങ്ങളിലും വിയറ്റ്നാം പ്ലാവിൻ തൈ കൾ സബ്സിഡി നിരക്കിൽ 1000 പേർക്ക് നൽകി. ഈ പരിപാടി ചങ്ങനാശേരി MLA ശ്രീ. ജോബ് മൈക്കിൾ ഉദ്ഘാടനം ചെയ്തു. വികാരി വെരി. റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണം നടത്തുകയും മികച്ച കർഷകരെ ആദരിക്കുകയും ചെയ്തു. കാവുകാട്ടു പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് AKCC കത്തീഡ്രൽ ശാഖയുടെ ആഭിമുഖ്യത്തിൽ 5000 ത്തോളം പേർക്ക് കുടിവെള്ളം വിതരണം ചെയ്തു. നൂനപക്ഷാവകാശദിനാചരണത്തിന്റെ ഭാഗമായി കൗൺസിൽ ഹാളിൽ കൂടിയ മീറ്റിംഗിൽ 1 മുതൽ 8 വരെയുള്ള ക്രിസ്ത്യൻ കുട്ടികൾക്ക് സ്കോളർഷിപ്പ് നിർത്തലാക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനത്തിനെതിരെ പ്രമേയം അവതരിപ്പിക്കു കയും നിവേദനം നൽകുകയും ചെയ്തു. പ്രസ്തുത മീറ്റിംഗ് ബഹു. വികാരി ജോസ് കൊച്ചുപറമ്പിലച്ചൻ ഉദ്ഘാടനം ചെയ്തു. ഈ പരിപാടി കൾക്കെല്ലാം പ്രസിഡന്റ് റ്റോമിച്ചൻ അയ്യരുകുളങ്ങര, സെക്രട്ടറി ജോസി കല്ലുകളം, സൈബി അക്കര, കുഞ്ഞുമോൻ തൂമ്പുങ്കൽ, ജോയിച്ചൻ പീലിയാനിക്കൽ, ജയിംസ് ചെന്നിത്തല, റോസമ്മ പ്രാക്കുഴി, ലിസമ്മ പുല്ലുകാട്ട് എന്നിവർ നേതൃത്വം നൽകി.

| | |
|---|---|
| പ്രസിഡന്റ് | സെക്രട്ടറി |
| **റ്റോമിച്ചൻ അയ്യരുകുളങ്ങര** | **ജോസി കല്ലുകളം** |

## 2022 ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ നമ്മുടെ ഇടവകയിൽ ചെയ്തിരിക്കുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ.

| | | |
|---|---|---|
| ചികിത്സസഹായം | - | 1,05,000/ |
| ഭവനനിർമ്മാണം | - | 3,71,000/ |
| വിവാഹ സഹായം | - | 30,000/ |
| മൃതദേഹസംസ്കാരത്തിന് സഹായം | - | 10,550/ |
| വിദ്യാഭ്യാസം | - | 20,000/ |
| കിടപ്പുരോഗികൾക്ക് മരുന്നിനായി 3 മാസം നൽകിയത് | - | 16,125/ |
| **ആകെ** | **-** | **5,52,675/** |

കിടപ്പുരോഗികൾ ക്യാൻസർ രോഗികൾ, ഡയാലിസിസ് ചെയ്യുന്ന രോ ഗികൾ, ട്യൂമർ ചികിത്സയിലുള്ളവർ എന്നിങ്ങനെ 5 പേർക്കും മാസംതോ റും 5375 രൂപയും മൂന്ന് മാസത്തേക്കും 16125 രൂപയും ചിലവഴിക്കുന്നു.

**കുര്യച്ചൻ ഒളശയിൽ,** കൺവീനർ ജീവകാരുണ്യ കമ്മറ്റി




ചങ്ങനാശേരിയുടെ ഉത്സവദിനങ്ങളാണ് മകരമാസത്തിന്റെ ഓരോ നാളുകളും. ചങ്ങനാശേരിയുടെ കാവൽക്കാരനായ വിശുദ്ധ സെബസ്ത്യാനോസ് സഹദായുടെ തിരുനാൾ മന്ത്രങ്ങൾ മുഖരിതമാകുന്ന മനോഹരനാളുകൾ. പ്രാർത്ഥനാഗീതങ്ങളാലും മണിനാദങ്ങളാലും ഓരോ യാമങ്ങളും വിശുദ്ധീകരിക്കപ്പെടുന്ന നന്മയുടെ ഈ നാളുകളിലൂടെ ചങ്ങനാശേരിയിലെ ഓരോ വ്യക്തിയും കടന്നുപോകുന്ന അനുഗ്രഹീത നിമിഷങ്ങൾ.

വിശുദ്ധനെ വരവേല്ക്കാൻ നാടും നഗരവും ഒരുങ്ങിക്കഴിഞ്ഞു. മകരം 1 ന് വലിയപള്ളിയിലും പ്രദക്ഷിണം കടന്നുപോകുന്ന കുരിശു പള്ളികളിലും കൊടിയുയർന്നു. ലോകത്തെയൊന്നാകെ പിടിച്ചുകുലുക്കിയ കോവിഡ് 19 മഹാമാരിക്കുശേഷം നടത്തപ്പെടുന്ന മകരം തിരുനാൾ എന്ന ഖ്യാതിയും ഈ വർഷമുണ്ട്. തിരുനാളിനോടനുബന്ധിച്ച് കേരളത്തിലെ വിവിധ കലാകാരന്മാരെ അണിനിരത്തി പാലാ കമ്യൂണിക്കേഷൻസ് അവതരിപ്പിക്കുന്ന മെഗാഷോ, ചങ്ങനാശേരി സൂപ്പർ ബീറ്റ്സ് ബാൻഡിന്റെ ഓൾഡ് ഈസ് ഗോൾഡ് സംഗീതനിശ, തിരുവനന്തപുരം ശ്രീനന്ദനയുടെ സാമൂഹികനാടകം, രാജേഷ് ചേർത്തലയുടെ നേതൃത്വത്തിൽ ഓടക്കുഴൽ സംഗീതനിശ തുടങ്ങിയ കലാപരിപാടികൾ അണിയറയിൽ തയ്യാറായിക്കൊണ്ടിരിക്കുന്നു.

ജനുവരി 24, 25 തീയതികളിൽ നടത്തപ്പെടുന്ന പ്രദക്ഷിണവും സാധാരണ വർഷങ്ങളിലെപ്പോലെ ഈ വർഷവും പുനരാരംഭിച്ചിരിക്കുകയാണ്. തിരുനാളിന്റെ സുഗമമായ നടത്തിപ്പിനായി ഇടവകയോഗം തീരുമാനിച്ച വിവിധ കമ്മിറ്റികളും ഇടവകയിൽ സജീവമായി മുൻനിരയിലുണ്ട്. മൂന്നു വർഷങ്ങൾക്കിപ്പുറം ഇടവകയിലെ ഓരോ അംഗങ്ങളുടെയും ഒരുമയും സ്നേഹവും ഊട്ടിയുറപ്പിക്കുന്നതിനായി ഇടവകദിനം 'നസ്രാണി സംഗമം' എന്ന പേരിൽ ജനുവരി 22 ന് നടത്തുകയാണ്.നമ്മുടെ വിശ്വാസത്തിന്റെ ഏറ്റവും ഉദാത്തമായ പ്രകാശനമായി ഈ ദിനം മാറട്ടെയെന്ന് ആശംസിക്കുകയും നിങ്ങളേവരെയും ഇടവകയിലെ ഓരോ പരിപാടിയിലേക്കും പ്രത്യേകിച്ച്, തിരുനാൾദിവസങ്ങളിലെ വി. കുർബാനയിലേക്കും പ്രദക്ഷിണങ്ങൾക്കും ഹൃദയപൂർവ്വം ക്ഷണിക്കുകയും ചെയ്യുന്നു.

**ജോബി തൂമ്പുങ്കൽ** (തിരുനാൾ കൺവീനർ)

# ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ




**2023 ജനുവരി 24 ചൊവ്വ (മകരം 10)**

## കവലയിലേയ്ക്കുള്ള പ്രദക്ഷിണദിനം

5.30 am : ആഘോഷമായ പരി. കുർബാന, സന്ദേശം
**റവ. ഫാ. തോമസ് ചൂളപ്പറമ്പിൽ CMI**
(പ്രിയോർ, ചെത്തിപ്പുഴ തിരുഹൃദയ ആശ്രമം)

7.00 am : **ആഘോഷമായ പരി. കുർബാന** (സുറിയാനിയിൽ)
**വെരി റവ. ഫാ. ജോസ് കൊച്ചുപറമ്പിൽ** (വികാരി)

11.00 am : ആഘോഷമായ പരി. കുർബാന, സന്ദേശം
**റവ. ഫാ. വർഗീസ് പുളിക്കപ്പടവിൽ** (അസി. വികാരി)

4.30 pm : ആഘോഷമായ പരി. കുർബാന, സന്ദേശം
**മാർ തോമസ് തറയിൽ** (ചങ്ങനാശേരി അതിരൂപതാ സഹായമെത്രാൻ)

6.00 pm : കവലപ്രദക്ഷിണം
**റവ. ഫാ. ചെറിയാൻ കക്കുഴി, റവ. ഫാ. വർഗീസ് പഞ്ഞിപ്പുഴ**

7.00 pm : പ്രസംഗം (കവലയിൽ)
**റവ. ഫാ. ആന്റണി ഏത്തയ്ക്കാട്ട്** (ഡയറക്ടർ, മീഡിയ വില്ലേജ്)
നേർച്ച സാധനങ്ങളുടെ ലേലം

: **ചെണ്ട, വയലിൻ, കീറ്റാർ (Keytar) ഫ്യൂഷൻ**
**M-Live Band, Changanassery**
**Spon. Samaritan Medical Centre, Changanassery**

| 2023 ജനുവരി 25 ബുധൻ (മകരം 11) | |
|---|---|

## പ്രധാന തിരുനാൾ ദിനം

5.15 am : ആഘോഷമായ പരി. കുർബാന, സന്ദേശം
**റവ. ഫാ. ആന്റണി മൂലയിൽ** (വികാരി, സെന്റ് ജോർജ്ജ് ചർച്ച്, ചീരഞ്ചിറ)

6.45 am : **ആഘോഷമായ പരി. കുർബാന, സന്ദേശം**
**മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ**

10.00 am : തിരുനാൾ റാസ
**റവ. ഫാ. ജോസഫ് വേലങ്ങാട്ടുശ്ശേരി** (KCSL അതിരൂപതാ ഡയറക്ടർ)
ആർച്ചുഡീക്കൻ, തിരുനാൾ സന്ദേശം:
**റവ. ഫാ. റ്റോണി നമ്പിശ്ശേരിക്കളം**
(അസി. വികാരി, ചമ്പക്കുളം ബസലിക്ക)

3.00 pm : ആഘോഷമായ തിരുനാൾ കുർബാന, സന്ദേശം
**റവ. ഫാ. ജോസ് മുല്ലക്കരി** (വികാരി, സെന്റ് ജോസഫ് ചർച്ച്, മനയ്ക്കച്ചിറ)

5.00 pm : നഗരം ചുറ്റിയുള്ള പ്രദക്ഷിണം
**റവ. ഫാ. ജോൺ തത്തകാട്ടുപുളിക്കൽ**
**റവ. ഫാ. നിതിൻ അമ്പലത്തിങ്കൽ**

6.30 pm : പ്രസംഗം (ചന്തക്കടവ് കുരിശടിയിൽ)
**വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ**
(വികാരിജനറാൾ, ചങ്ങനാശേരി അതിരൂപത)
: നേർച്ച സാധനങ്ങളുടെ ലേലം
: വർണ്ണവിസ്മയം

| 2023 ജനുവരി 29 ദനഹാ നാലാം ഞായർ (മകരം 15) | |
|---|---|

## കൊടിയിറക്ക് തിരുനാൾ

5.15 am : പരി. കുർബാന
**റവ. ഫാ. അലൻ വെട്ടുകുഴിയിൽ**

6.45 am : പരി. കുർബാന
**റവ. ഫാ. ജോസ് കൊച്ചുപറമ്പിൽ**
കഴുന്ന് എഴുന്നള്ളിപ്പ് കൂട്ടായ്മകളിൽ

10.00 am : പരി. കുർബാന
**റവ. ഫാ. സിജോ കുന്നുതറ CMI**
(അസി. വികാരി, എസ്.എച്ച്. ചർച്ച്, ചെത്തിപ്പുഴ)

5.00 pm : ആഘോഷമായ പരി. കുർബാന, സന്ദേശം
**റവ. ഫാ. ഡൊമിനിക് സാവിയോ കൊല്ലറേട്ട്**
(അസി. വികാരി, സെന്റ് ജോസഫ് ചർച്ച്, വെരൂർ)
: പള്ളിചുറ്റിയുള്ള പ്രദക്ഷിണം, കൊടിയിറക്ക്

7.00 pm : വിശുദ്ധന്റെ തിരുസ്വരൂപം പുനഃപ്രതിഷ്ഠിക്കുന്നു

# ജലത്താലും ആത്മാവിനാലും

| | | |
|---|---|---|
| 1. | കണ്ടത്തിപ്പറമ്പ് ജാക്സൺ-ഷീനാ മകൻ തോമസ് | 1.10.2022 |
| 2. | കടേൽപ്പറമ്പിൽ സജി- അഭിരാമി മകൻ മിഖായേൽ | 03.10.2022 |
| 3. | പുത്തൻപറമ്പിൽ മിഥുൻ- ലെന മകൻ ജയിംസ് | 09. 10. 2022 |
| 4. | മണത്തറ ലിബിൻ-ഗീതു മകൻ മാത്യു | 29. 10. 2022 |
| 5. | കോട്ടയ്ക്കൽ സിബിച്ചൻ-സാന്ദ്രാ മകൾ മറിയം | 30. 10. 2022 |
| 6. | കളപ്പുരയ്ക്കൽ നിഥിൻ-മരിയ മകൾ തെരേസ | 01. 11. 2022 |
| 7. | കടവിൽ അലക്സ്-ട്രീസ മകൻ ജോർജ് | 20. 11. 2022 |
| 8. | ഞാലിയിൽ മനു-ജിനു മകൻ തെരേസ | 17. 12. 2022 |
| 9. | മാറാട്ടുകളം ഷിജോ- രേഖ മകൾ എലിസബത്ത് | 28. 12. 2022 |
| 10. | വട്ടക്കളം അമൽ- സാന്ദ്രാ മകൾ മറിയം | 29. 12. 2022 |
| 11. | മാറാട്ടുകളം റോബിൻ-ജിനു മകൾ ആൻമേരി | 31. 12. 2022 |
| 12. | താമല്ലൂർ റ്റിന്റു-ഷീബ മകൾ അന്ന | 22. 12. 2022 |

ദൈവത്തിൽ വിശ്വസിച്ചതുകൊണ്ട് അവനും കുടുംബാംഗങ്ങളും
അത്യന്തം ആനന്ദിച്ചു. (അപ്പ. പ്രവ. 16:34)

24–ാമത് ചങ്ങനാശേരി അതിരൂപതാ
**ബൈബിൾ കൺവൻഷൻ**

റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ
നയിക്കുന്ന
**വചനാഭിഷേകം**

**2023 ഫെബ്രുവരി 21 ചൊവ്വ മുതൽ 25 ശനി വരെ
ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ
വൈകുന്നേരം 4 മുതൽ 9 വരെ**



## അഭിനന്ദനങ്ങൾ... ആശംസകൾ...

യുവദീപ്തി – എസ്.എം.വൈ.എം.
ചങ്ങനാശേരി ഫൊറോനാ പ്രസിഡന്റായി
തെരഞ്ഞെടുക്കപ്പെട്ട
**അരുൺ ടോം തോപ്പിലിന്**
കത്തീഡ്രൽ കുടുംബത്തിന്റെ ആശംസകൾ...

# ദൈവം യോജിപ്പിച്ചത്

1. ഈ ഇടവക മുല്ലാറമുണ്ടയ്ക്കൽ തോമസ് - ജിജി മകൻ വർഗീസും ചീരംഞ്ചിറ ഇടവക വയലത്ത് പുത്തൻപുര തോമസ് - സിസിലി മകൾ ഫേബയും തമ്മിലുള്ള വിവാഹം - 13. 10. 2022
2. ഈ ഇടവക അഴിമുഖം ഔസേപ്പ്-കുഞ്ഞുമോൾ മകൻ ആന്റണിയും ഈ ഇടവക ആശാരിപറമ്പിൽ സണ്ണി-ഷേർളി മകൾ റോസ്മേരിയും തമ്മിലുള്ള വിവാഹം - 20.10. 2022
3. ഈ ഇടവക ചെറുകാട് സിബി-ബീനാ മകൻ മരിയനും വെരൂർപള്ളി ഇടവക ആറുപറയിൽ ഷാജി-എലിസബത്ത് മകൾ റോസും തമ്മിലുള്ള വിവാഹം - 29.10.2022
4. ഈ ഇടവക പത്തിൽ ജെയിംസ്-ഷേർളി മകൻ മാത്യുവും കിളിയന്തറ ഇടവക മണ്ണനാൽ ജോസഫ്-കത്രീന മകൾ എലിസബത്തും തമ്മിലുള്ള വിവാഹം - 05.11.2022
5. ഈ ഇടവക തച്ചങ്കരി ജോർജ്-സൂസമ്മ മകൻ തോമസും മുണ്ടന്താനം ഇടവക വട്ടച്ചാലിൽ സ്കറിയാ-അന്നമ്മ മകൾ ട്രീസയും തമ്മിലുള്ള വിവാഹം - 24.11.2022
6. ഈ ഇടവക കുന്നത്ത് തോമസ്-ഏലിയാമ്മ മകൻ ജോണും പാറേൽ ഇടവക തെക്കുംതറ ചാക്കോ-ബ്രിജിത് മകൾ തെരേസയും തമ്മിലുള്ള വിവാഹം - 26.11.2022
7. ഈ ഇടവക കുരിശുംമൂട്ടിൽ ജോസഫ്- ലീലാമ്മ മകൻ ചാക്കോയും ഫാത്തിമാപുരം ഇടവക മതിച്ചിപ്പറമ്പിൽ ലാലൻ-എത്സ മകൾ ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം - 28.11.2022
8. ഈ ഇടവക കരിയാടിപ്പറമ്പിൽ ചാക്കോ-ഏലമ്മ മകൻ മാർട്ടിനും തുമ്പോളി ഇടവക പള്ളിക്കത്തൈയ്യിൽ ജോസഫ്- ആലീസ് മകൻ മീരയും തമ്മിലുള്ള വിവാഹം - 31.12.2022

# ഉത്ഥിതനോടൊപ്പം

1. ചെച്ചോട്ട് കുഞ്ഞമ്മ ജോസഫ് (65 വയസ്) 28. 09. 2022
2. പുതുശ്ശേരിൽ പി. റ്റി ജോസഫ് (91 വയസ്) 26. 09. 2022
3. മോഴൂർ കൊച്ചുകളം സിജോ തോമസ് (47 വയസ്) 07. 10. 2022
4. കരിങ്ങടപ്പറമ്പിൽ ദേവസ്യ (70 വയസ്) 09. 10. 2022
5. കൂലിപ്പുരയ്ക്കൽ സജിനി സെബാസ്റ്റ്യൻ (45 വയസ്) 12. 10. 2022
6. കരിക്കംപള്ളി സ്കറിയ സക്കറിയ (75 വയസ്) 18. 10. 2022
7. മാറാട്ടുകളം തോമസ് ജോസഫ് (84 വയസ്) 22. 10. 2022
8. കൊച്ചുപറമ്പിൽ ബൈജു തോമസ് (55 വയസ്) 25. 10. 2022
9. ഇലഞ്ഞിപ്പറമ്പിൽ എം. ജെ വർഗീസ് (83 വയസ്) 25. 10. 2022
10. മണിമലപ്പറമ്പിൽ അക്കാമ്മ ഉമ്മൻ (82 വയസ്) 26. 10. 2022
11. പുത്തൻപുരയ്ൽ ജോസഫ് (58 വയസ്) 27. 10. 2022
12. പ്രക്കാട്ട് പി. ജെ സെബാസ്റ്റ്യൻ (91 വയസ്) 28. 10. 2022
13. ഉമാപറമ്പിൽ പീറ്റർ കുര്യാക്കോസ് (73 വയസ്) 28. 10. 2022
14. കരിങ്ങട കെ. ജെ ജോയി (66 വയസ്) 31. 10. 2022
15. കിഴക്കേവള്ളിൽ കെ. ജോസഫ്(92 വയസ്) 30. 10. 2022
16. തെനിയപ്ലാക്കൽ റോസമ്മ ആന്റണി (99വയസ്) 01. 11. 2022
17. മുക്കത്ത് ജോസഫ് ജോസഫ് (86 വയസ്) 03. 11. 2022
18. നെല്ലരിയിൽ കുഞ്ഞമ്മ ജോസഫ് (81 വയസ്) 08. 11. 2022
19. കൊടുപ്പുനപ്പോളയ്ക്കൽ ദേവസ്യാ ആന്റണി (80വയസ്) 08. 11. 2022
20. കാഞ്ഞിരത്തുംമൂട്ടിൽ കെ. ജെ മാത്യു (84 വയസ്) 09. 11. 2022
21. നെല്ലിപ്പള്ളിൽ എൻ. കെ ചാക്കോ (79വയസ്) 09. 11. 2022
22. കടിയൻതുരുത്തേൽ ഏലി ലൂയിസ് (92 വയസ്) 13. 11. 2022
23. മോഴൂർ കൊച്ചുകളം ജോൺ മാത്യു (74 വയസ്) 17. 11. 2022
24. നല്ലൂപ്പറമ്പ് തോമസ്. എൻ. ജെ (60 വയസ്) 24. 11. 2022
25. കല്ലുകളം ചിന്നമ്മ തോമസ് (73വയസ്) 03. 12. 2022
26. കരിങ്ങട കെ. ജെ ഫ്രാൻസീസ് (80 വയസ്) 04. 12. 2022
27. കുന്നുപറമ്പിൽ എത്സമ്മ വർഗ്ഗീസ് (70 വയസ്) 09. 12. 2022
28. കാവാലം പുതുപ്പറമ്പ് കെ. പി മാത്യു (72 വയസ്) 10. 12. 2022
29. ചക്കാലയ്ക്കൽ ജോസഫ് ദേവസ്യാ (68 വയസ്) 23. 12. 2022
30. നെടുംന്താനത്ത് റോസ്മേരി ജോസഫ് (71 വയസ്) 26. 12. 2022
31. പുതുപ്പറമ്പിൽ മിനിമോൾ റാഫേൽ (54 വയസ്) 24. 12. 2022
32. തോപ്പിൽ സെബാസ്റ്റ്യൻ ജോസഫ് (80 വയസ്) 27. 12. 2022
33. കൂത്തപ്പള്ളിൽ വാച്ചാപറമ്പിൽ മാത്യു. കെ. കെ (88 വയസ്) 28. 12. 2022
34. ഉമ്മാപറമ്പിൽ സനോജ് ജോസഫ് (43 വയസ്) 30. 12. 2022

# സ്നേഹസ്മരണയ്ക്ക്

## 20–ാം ചരമവാർഷികം
(23.02.2023)



## എം.എസ്. ദേവസ്യ
## (കുഞ്ഞച്ചൻ കുഞ്ഞ്)

മാറാട്ടുകളം, കാക്കാംതോട്
ചങ്ങനാശേരി

# സ്നേഹസ്മരണയ്ക്ക്



## കെ.പി. അന്തോനിച്ചൻ

കരിങ്ങട

ചങ്ങനാശ്ശേരി


THOMSONS
MATTRESSES
Durable
Anti Microbacterial
Hygienic
Medium Firm
ഇനി
നടുവ് നിവർത്തി
ഉറങ്ങാം zzzZ
SPINEREST
SOFT SUPPORT
ORTHOPAEDIC MATTRESS
INDUSTRY LEADING
5 YEAR WARRANTY
PRICE STARTS @₹7800/-*
*Price mentioned is for single size. Price is inclusive of all Taxes
7/133 Ayyarukulangara Enterprises,
Market Road, Changanacherry-686101
+91 8089351893
+91 9633751893


# സ്നേഹസ്മരണയ്ക്ക്



## ഫാ. സേവ്യർ കാർത്തികപ്പള്ളി

**വെട്ടിത്തുരുത്ത്**

ജനനം: 24.12.1908
പൗരോഹിത്യം : 21.12.1938
മരണം: 14.01.1992



## ജോസഫ് ആന്റണി

(ഔസേപ്പച്ചൻ)

**കാർത്തികപ്പള്ളി**

**വെട്ടിത്തുരുത്ത്**

മരണം: 04.12.2021